കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# മറ്റത്തൂർ ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2013-14

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ

e-mail: lfadtcr@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ-ടിഎസ്ആർ(പി6)1194/15

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ.PIN 680 080.

Ph. No.04872331249

e-mail.id lfadtcr@gmail.com

തീയതി 30.10.2015

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

മറ്റത്തൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മറ്റത്തൂർ ഗ്രാമപഞ്ചായത്ത് - 2013-14 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

***

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ്

റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2-9 ഖണ്ഡികയിലേയ്ക്കും ഭാഗം 3ലെ 3-8,3-9,3-11,3-13,3-14 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,തൃശ്ശൂർ (ഉപരിപത്രം സഹിതം)

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടിഎസ്ആർ(പി61194/15)

തീയതി 30.10.2015

## തൃശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ

## 2013-14 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)**

തൃശ്ശൂർ ജില്ലയിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിന്റെ 2013-14സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 21.10.14 മുതൽ 8.07.2015 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്കവ്, 2013-14വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 44 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 26 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | റസാഫി. എ. ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 9.07.2015മുതൽ 20.07.2015 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ഷോബി. വി.പി | ഓഡിറ്റ് ഓഫീസർ |
| | | റിന ജോസഫ് | അസി.ഓഡിറ്റ് ഓഫീസർ |
| | | സദാനന്ദൻ പി.ജി | " |
| | | സലീഷ് എം.ജി | " |
| | | ചൈതന്യ പുരുഷോത്തമൻ | |
| | | സോന.കെ.സത്യൻ | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ബിന്ദു ശിവദാസൻ | 01.04.2013മുതൽ<br>31.03.2014 വരെ . |
| സെക്രട്ടറി | ശ്രീ. ടി.ആർ പ്രിയൻ | 01.04.13 മുതൽ<br>07.06.2013 FN വരെ |
| | ശ്രീ.എം.ജി ശ്രീധരൻ | 07.06.2013 AN മുതൽ<br>04.07.2013 FN വരെ |
| | ശ്രീ.കെ.വി ജ്യോതിഷ് കുമാർ | 04.07.2013A.N മുതൽ |

| | | |
|---|---|---|
| | | 31.03.2014 വരെ . |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ബോബൻ പോൾ | 01.04.13 മുതൽ<br>31.03.2014 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ഷാജി. യു.വി | 01.04.13 മുതൽ<br>31.03.2014 വരെ |
| സി.എച്ച്.സി. സൂപ്രണ്ട് | Dr. രാജീവ് | 01.04.13 മുതൽ<br>31.03.14 വരെ |
| എച്ച്.എം.(ജി.യു.പി.എസ് ലൂർദ്ദ്പുരം) | ജോസ് മാത്യു | 01.04.13 മുതൽ<br>31.03.14 വരെ. |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ. | പി.ആർ സതി | 01.04.13 മുതൽ<br>31.03.14 വരെ. |
| വെറ്ററിനറി സർജൻ | ഡോ.രാജീവ് | 01.04.13 മുതൽ<br>31.03.14 വരെ |
| വി.ഇ.ഒ. (മറ്റത്തൂർ സർക്കിൾ) | വി.ഡി.ഗോപി | 01.04.13 മുതൽ<br>31.05.13 വരെ |
| മറ്റത്തൂർ സർക്കിൾ അധികചുമതല | 1.കൃഷ്ണകുമാർ<br>2.അഭിലാഷ് മോഹൻ | 01.06.13 മുതൽ<br>24.08.13 വരെ<br>25.08.13 മുതൽ<br>31.03.14 വരെ |
| വി.ഇ.ഒ. (വെള്ളിക്കുളങ്ങര ) | 1.കൃഷ്ണകുമാർ<br>2.അഭിലാഷ് മോഹൻ | 01.04.13 മുതൽ<br>24.08.13 വരെ<br>25.08.13 മുതൽ<br>31.03.14 വരെ |
| വി.ഇ.ഒ. (കോടാലി സർക്കിൾ) | 1.വി.ഡി.ഗോപി<br>2.ഹരി.കെ.കെ. | 01.04.13 മുതൽ<br>31.05.13 വരെ<br>01.06.13 മുതൽ<br>31.03.14 വരെ |

# ഭാഗം –1

## പൊതു അവലോകനം

## പൊതു അവലോകനം

### 1-1 ബജറ്റ്

2013-14വർഷത്തെ ബജറ്റ് 27-3-13 തിയതിയിലെ 1-ാംനമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.ആകെ വരവ് 195644170 രൂപയും ചെലവ് 186260917രൂപയും നീക്കിയിരിപ്പ് 9383253 രൂപയും ആണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31-7-14 | 06.06.14 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2013-2014 | 09-10-2014 | No.LFTE3-1201/2014(33)/09.10.2014<br>വിശദീകരണങ്ങളോടുകൂടിയ സാക്ഷ്യപത്രം |

### 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്-38057379

വരവ് -119096837

ആകെ -157154216

ചെലവ് -118308450

നീക്കിയിരിപ്പ്-38845766

### 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തന്വർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് | ചെലവ് ശത മാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 3402482 | 16909000 | 20311482 | 19162550 | 1148932 | 94.34 |
| വികസനഫണ്ട് എസ്.സി.പി. | 3974576 | 8239000 | 12213576 | 9035592 | 3177984 | 73.98 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് ടി.എസ്.പി. | 411198 | 689000 | 1100198 | 861332 | 238866 | 78.29 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 7763327 | 13437000 | 21200327 | 19841536 | 1358791 | 93.6 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 2917801 | 3837000 | 6754801 | 4567784 | 2187017 | 67.62 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1535083 | 8592751 | 10127824 | 7936575 | 2191249 | 78.39 |
| പെർഫോമൻസ് ഗ്രാന്റ് | 3092064 | 4598000 | 7690064 | 5857704 | 1832360 | 76.17 |
| എം.എൻ.ആർ. ഇ.ജി.എസ്. | 48107 | 19324052 | 19372159 | 19368206 | 3953 | 99.98 |
| ബി ഫണ്ട് | | 21253712 | 21253712 | 21253712 | | 100 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 320 | 107244914 | 221 | 78924698 | 89 | 10 | 69 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

1) വനിതാ തൊഴിൽ സംരംഭം

2) സംയോജിത നെൽകൃഷി

3) മാടത്തോപ്പ്

4) അടുക്കളത്തോട്ടം പച്ചക്കറി വികസന പദ്ധതി

5) മഴപ്പൊലിമ

6) എൽ.പി.സ്കൂൾ റിപ്പയറിംഗ്

7) പി.എച്ച്.സി സബ്സെന്റർ അറ്റകുറ്റപ്പണി.

8) അമ്പലനാളി പോത്തൻചിറ റോഡ്

9) ചേലക്കാട്ടുകര തിയറ്റർ റോഡ്

10) തെരുവ് വിളക്ക് സ്ഥാപിക്കുന്നതിനുവേണ്ടി പുതിയ ലൈൻ വലിക്കൽ

## 1-7 തനത് വരുമാനം.

മുൻവർഷത്തെക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 21.39ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 4340343 | 5143359 | 803016(+) | 19(+) |
| നികുതിയേതര വരവുകൾ | 149165 | 466983 | 317818(+) | 213(+) |
| മറ്റുവരവുകൾ | 596192 | 563394 | 32798(-) | 5.5(-) |
| ആകെ | 5085700 | 6173736 | 1088036(+) | 21.39(+) |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| | | |

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 144480 | 231 |
| കർഷകത്തൊഴിലാളി പെൻഷൻ | 3406029 | 521 |
| വിധവാപെൻഷൻ | 8393578 | 987 |
| വാർദ്ധക്യകാലപെൻഷൻ | 1975633 | 575 |
| വികലാംഗപെൻഷൻ | 3529337 | 466 |
| 50വയസ്സായ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 1164878 | 159 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.07.2015 തിയതിയിൽ 3 PMന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 12439 രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ലൈസൻസ് വിഭാഗം,വിനോദനികുതി വിഭാഗം സെക്ഷനുകളിലെ രജിസ്റ്ററുകളും രേഖകളും കൃത്യതയോടെ സൂക്ഷിച്ചിട്ടില്ല.ഫ്രണ്ട് ഓഫീസ് സംവിധാനം,പരാതികൾ രജിസ്റ്റർ ചെയ്ത് യഥാസമയം നടപടി സ്വീകരിക്കൽ എന്നിവ തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| | | | |

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 06-05-2015 | 2014-2015 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.01.2013 മുതൽ 29.01.2013 വരെ | 2007-2008 മുതൽ 2011-2012 വരെ | 27.03.2013 |

## ഭാഗം –2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല

സർക്കാരിന്റെ 52/2003/ത.സ്വ.ഭ.വ തിയതി 22.02.03 ഉത്തരവ് പ്രകാരം എല്ലാ ഗ്രാമപഞ്ചായത്തുകളിലും പഞ്ചായത്തിന്റെ മറ്റു ഫണ്ടുകളിൽ നിന്ന് വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസനിധി രൂപീകരിക്കാവുന്നതും 2003 ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾക്ക് വിധേയമായി ഫണ്ട് വിനിയോഗിക്കാവുന്നതുമാണ്. മറ്റത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റെ പേരിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. ഗ്രാമപ്രദേശങ്ങളിൽ നിവസിക്കുന്ന നിർദ്ധനരായ വ്യക്തികൾക്ക് അവരുടെ ദുരിതനിവാരണാർത്ഥം അടിയന്തിര ധനസഹായം നൽകുന്നതിന് സഹായം നൽകുന്നതിന് സഹായകമായ ദുരിതാശ്വാസ നിധി രൂപീകരിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

### 2-2 കൃഷി ഓഫീസർക്ക് നൽകിയ രസീതികളിലെ അപാകതകൾ

1. ബുക്ക് നമ്പർ 206 ലെ താഴെ പറയുന്ന രസീതികളിൽ തിയതി രേഖപ്പെടുത്താതെ തുക ഈടാക്കിയിരിക്കുന്നു.

രസീതി നമ്പർ 3 മുതൽ 26 വരെ

രസീതി നമ്പർ 29 മുതൽ 33 വരെ

രസീതി നമ്പർ 35 മുതൽ 38 വരെ

രസീതി നമ്പർ 40 മുതൽ 65 വരെ

തിയതി രേഖപ്പെടുത്താതെ രസീതി ചെയ്യാൻ പാടുള്ളതല്ല.

2. 6/01/15 മുതൽ രസീതി നമ്പർ 02 മുതൽ 65 വരെ 64 രസീതികളിലായി ഈടാക്കിയ ആകെ തുക 32000 രൂപ 26/3/15 നാണ് പഞ്ചായത്തിൽ അടവാക്കിയിരിക്കുന്നത്. ലഭിച്ച തുകകൾ അതേ ദിവസമോ അല്ലെങ്കിൽ അടുത്ത പ്രവർത്തി ദിവസമോ അടവാക്കേണ്ടതാണ്.വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം. 29 )നൽകിയിരുന്നെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. കേരളപഞ്ചായത്ത് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ഖണ്ഡിക 23 പ്രകാരമുള്ള നിർദ്ദേശം പാലിക്കേണ്ടതും ഇക്കാര്യങ്ങൾക്ക് തൃപ്തികരമായ മറുപടി ലഭ്യമാക്കേണ്ടതുമാണ്.

### 2-3 ഡി.ആന്റ് ഒ. ലൈസൻസ് -പരിശോധനയിൽ കണ്ടെത്തിയഅപാകതകൾ

1.ഡി.ആന്റ്.ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം താഴെ പറയുന്ന ക്രമനമ്പറുകൾ ആയിട്ടുള്ള അപേക്ഷകൾ ഓഡിറ്റിനു ഹാജരാക്കിയിട്ടില്ല.

| ക്രമ നം | ലൈസൻസ് നം | പേര് | ലൈസൻസ് ഇനം |
|---|---|---|---|
| 1 | 21 | ജോവി സി.വി<br>മാനേജിംഗ് ഡയറക്ടർ<br>ജയം സാന്റ് & ഗ്രാനൈറ്റ്സ് Pvt.Ltd,<br>കടമ്പോട് പി.ഒ.<br>പാഡി | മെറ്റൽ ക്രഷിംങ് യൂണിറ്റ്<br>(400 എച്ച്.പി) |
| 2 | 22 | -ടി- | കരിങ്കൽ ക്വാറി<br>(320 എച്ച്.പി) |
| 3 | 62 | റെജി എബ്രാഹാം,<br>പാലയ്ക്കത്തടത്തിൽ,<br>മൂന്നുമുറി, മറ്റത്തൂർ. | സിമന്റ്-ഇഷ്ടിക നിർമ്മാണം<br>(ദിയ സിമന്റ് ബ്രിക്സ്)<br>10.5 എച്ച്.പി) |
| 4 | 63 | മാത്യു എം പത്രോസ്<br>മാനേജിംഗ് പാർട്ണർ,<br>ബ്ലൂ മൗണ്ടൻ ഗ്രാനൈറ്റ്<br>വെള്ളിക്കുളങ്ങര | മെറ്റൽ ക്രഷർ<br>(857.5 എച്ച്.പി) |
| 5 | 68 | വന്ദന എം.ടി.<br>W/o.സുബ്രൻ,<br>ചക്കാലക്കൽ വീട്<br>വെള്ളിക്കുളങ്ങര. | സിമന്റ്-ഇഷ്ടിക ടൈൽസ് നിർമ്മാണം (അശ്വതി സിമന്റ് പ്രൊഡക്ട്സ്) (16എച്ച്.പി) |
| 6 | 72 | മാത്യു.എം.പത്രോസ്<br>മാനേജിംഗ് പാർട്ണർ,<br>ബ്ലൂ മൗണ്ടൻഗ്രാനൈറ്റ്<br>വെള്ളിക്കുളങ്ങര | കരിങ്കൽ ക്വാറി<br>(300 എച്ച്.പി) |

| | | | |
|---|---|---|---|
| 07 | 91 | സിനി മണികണ്ഠൻ<br>പൂക്കോടൻ വീട്,<br>മറ്റത്തൂർകുന്ന് പി.ഒ | സിമന്റ് ഇഷ്ടിക നിർമ്മാണം<br>(9 എച്ച്.പി) |
| 08 | 105 | എം.എസ്.കറപ്പൻ<br>മാത്തോലി വീട്,<br>നോർത്ത് ചാലക്കുടി | കരിങ്കൽ ക്വാറി നടത്തുന്നതിന്. |
| 09 | 112 | മേനാച്ചേരി ജോസ് ഭാര്യ റോസ്സി,<br>അവിട്ടപ്പിള്ളി,<br>മറ്റത്തൂർ പി.ഒ. | സിമന്റ് വില്പന<br>നടത്തുന്നതിന്. |
| 10 | 143 | ഡേവീസ് ജോൺ<br>പൈനാടത്ത് വീട്<br>കറുകുറ്റി പി.ഒ | കരിങ്കൽ ക്വാറി നടത്തുന്നതിന്. |
| 11 | 155 | കാവുങ്ങൽ ലോന ബാബു,<br>വെള്ളിക്കുളങ്ങര. | റബ്ബർ-മലഞ്ചരക്ക്-സിമന്റ് വില്പന. |
| 12 | 156 | രാജൻ എം.എം.<br>ഇല്ലിക്കൽ വീട്,<br>മുരിക്കുങ്ങൽ. | സിമന്റ് പ്രൊഡക്ട്സ്<br>(5 എച്ച്.പി) |
| 13 | 159 | പോൾസൺ,<br>ചാലമന വീട്,<br>കോടാലി,പി.ഒ.പാഡി. | ടി.വി., ഫ്രിഡ്ജ്, വാഷിംഗ് മെഷ്യൻ തുടങ്ങിയവ വില്പന. |
| 14 | 163 | ഷാജൻ ഇ.എൻ<br>മാനേജിംഗ് പാർട്ണർ,<br>എടത്താടൻ ഗ്രാനൈറ്റ്സ്,<br>മറ്റത്തൂർ പി.ഒ,<br>ഒമ്പതുങ്ങൽ. | കരിങ്കൽ ഖനനം<br>(300 എച്ച്.പി) |
| 15 | 164 | ഷാജൻ ഇ.എൻ<br>മാനേജിംഗ് പാർട്ണർ,<br>എടത്താടൻ ഗ്രാനൈറ്റ്സ്, മറ്റത്തൂർ<br>പി.ഒ.ഒമ്പതുങ്ങൽ | മെറ്റൽ ക്രഷർ യൂണിറ്റ്<br>(750 എച്ച്.പി) |
| 16 | 167 | സി.ആർ.വത്സൻ, | സിമന്റ് ബ്രിക്സ് |

| | | | |
|---|---|---|---|
| | | ചേരാക്കൽ<br>മറ്റത്തൂർകുന്ന്.പി.ഒ | |
| 17 | 190 | പുതിയേടത്ത് ആഗസ്റ്റി മകൻ ഷാജി<br>മുരിക്കുങ്ങൽ പി.ഒ | റബ്ബർ വ്യാപാരം |
| 18 | 215 | ജോസ് ജോസഫ്<br>പ്ലാക്കൂട്ടത്തിൽ വീട്,<br>അന്തിനാട് പി.ഒ,<br>പാല<br>കോട്ടയം ജില്ല. | കരിങ്കൽ ക്വാറി |
| 19 | 224 | ഷാജു അന്തോണി,<br>ചക്കാലയ്ക്കൽ വീട്,<br>ഒമ്പതുങ്ങൽ,<br>മറ്റത്തൂർ പി.ഒ | പൗൾട്രി ഫാം |
| 20 | 225 | ശശി.ടി.എം<br>തയ്യിൽ വീട്<br>കോടാലി,<br>പാഡി പി.ഒ. | പലചരക്ക്, സ്റ്റേഷനറി തയ്യിൽ സ്റ്റോഴ്. |
| 21 | 229 | ഫ്രാൻസിസ് ലോനപ്പൻ<br>കുത്തൂരി, കാവനാട് | പൗൾട്രി ഫാം |
| 22 | 250 | രാജൻ എം.എം.<br>ഇല്ലിക്കൽ വീട്,<br>മുരിക്കുങ്ങൽ പി.ഒ | സിമന്റ് ഇഷ്ടിക നിർമ്മാണം |
| 23 | 254 | ലീല ദിവാകരൻ<br>അട്ടേപ്പാടൻ,<br>ചെമ്പുച്ചിറ പി.ഒ | സിനിമ പ്രദർശനം<br>(ശ്രീലക്ഷ്മി മൂവീസ്) |
| 24 | 258 | എം.എ.ജോയ്<br>മാനേജിംഗ് ഡയറക്ടർ<br>അലൈഡ് ഗ്രാനൈറ്റ്സ് മെറ്റൽസ് | മെറ്റൽ ക്രഷർ യൂണിറ്റ് |
| 25 | 263 | റപ്പായി, | പൗൾട്രി ഫാം |

| | | | |
|---|---|---|---|
| | | മാത്തുരാൻ വീട്,<br>കാവനാട്, മറ്റത്തൂർകുന്ന് പി.ഒ | |
| 26 | 267 | വർഗ്ഗീസ് യാക്കോബ്<br>പള്ളിപ്പാടൻ വീട്<br>മോനൊടി,<br>വെള്ളിക്കുളങ്ങര | കോഴി ഫാം. |
| 27 | 268 | മേരി കുഞ്ഞു വറീത്<br>വെട്ടിയാടൻ വീട്<br>മോനൊടി, വെള്ളിക്കുളങ്ങര | -ടി- |
| 28 | 289 | എ.ജെ.ജോസ്<br>ആറ്റപ്പാട് വീട്<br>തടിക്കടവ് പി.ഒ.<br>കണ്ണൂർ. | പെട്രോൾ പമ്പ്, ശ്രീദുർഗ്ഗ എന്റർപ്രൈസസ്. |

മേൽരേഖകൾ ഹാജരാക്കാത്ത സംഗതിയിൽ 1996ലെ കേരളാ ലോക്കൽഫണ്ട് ഓഡിറ്റ് റൂൾസ് ചട്ടം 12 പ്രകാരമുളള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

2.താഴെ പ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും യഥാർത്ഥത്തിൽ ഈടാക്കേണ്ട ലൈസൻസ് ഫീ ഈടാക്കുന്നില്ല.

| പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ടതുക | ഈടാക്കിയത് | കുറവ് |
|---|---|---|---|---|
| മാത്യൂ. എം പത്രോസ്.<br>ബ്ലൂ മൌണ്ടൻ ഗ്രാനൈറ്റ്സ് | 857.5 | 8570 | 1000 | 7570 |
| വന്ദന ചക്കാലക്കൽ<br>വെള്ളിക്കുളങ്ങര | 16 | 200 | 100 | 60 |
| ഷാജൻ .ഇ.എൻ<br>എടത്താടൻ<br>ഗ്രാനൈറ്റ്സ് | 300 | 3000 | 1000 | 2000 |
| | | | ആകെ | 9670 |

9670രൂപ പിഴപ്പലിശ സഹിതം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്.

3.താഴെപ്പറയുന്ന സ്ഥാപനങ്ങൾ ഡി.ആന്റ്.ഒ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു.

1.സ്നേഹ പ്രൈമറി ഹെൽത്ത് സെന്റർ കോടാലി

2.കെ.ജെ. ഹോസ്പിറ്റൽ

3.സഹൃദയാ ക്ലിനിക്ക്

4.ശ്രദ്ധ ഡയഗ്നോസ്റ്റിക്ക് ലബോറട്ടറി

5.പാരാമെഡിക്കൽ ക്ലിനിക്ക് (വിവേക്.എം., കിഴക്കേടത്തുമന)

6.ക്ലിനിക്കൽ ലബോറട്ടറി (ഉമയമ്മ ,w/oരാധാകൃഷ്ണൻ, കുണ്ടൂർ)

7.ക്ലിനിക്കൽ ലബോറട്ടറി(പുഷ്പാവതി, മഠത്തിപ്പറമ്പിൽ)

8ഗ്രാൻമ ഫർണ്ണീച്ചർ( ചന്ദ്രൻ.എം.എം മഠത്തിപ്പറമ്പിൽ,ചുങ്കാൽ )

4. പഞ്ചായത്ത് വാടകയ്ക്കു നല്കിയ താഴെ പറയുന്ന സ്ഥാപനങ്ങൾ

ഡി.ആന്റ്.ഒ. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നു.

1

| ക്രമനമ്പർ | പേര് | മുറി നമ്പർ |
|---|---|---|
| 1 | പി. വി.ജേക്കബ്ബ്പടത്തുരുത്തി | XX11/717 |
| 2 | വനിതാകാന്റീൻ | ലഭ്യമല്ല. |
| 3 | വനിതാ വിപണനകേന്ദ്രം | XX11/43(V1/442) |

ഡി.ആന്റ്.ഒ. ലൈസൻസ് എടുക്കാതെ വ്യാപാരം/വ്യവസായം നടത്തുന്നത് കുറ്റകരമാണ്.അതിനാൽ യഥാസമയം ലൈസൻസ് എടുക്കാത്ത സ്ഥാപനങ്ങൾക്ക് നിയമാനുസൃതം നോട്ടീസ് നല്കുകയും കേരളാ പഞ്ചായത്ത് രാജ് ആക്റ്റിലെ 239,240എന്നീ വകുപ്പുകൾ പ്രകാരം വ്യാപാരം/വ്യവസായം നിറുത്തൽ ചെയ്യാവുന്നതാണ്.കൂടാതെ അനധികൃതമായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ 245,257വകുപ്പുകൾ പ്രകാരം പ്രോസിക്യൂഷൻനടപടികൾ സ്വീകരിക്കേണ്ടതാണ്.

5. 2013-14സാമ്പത്തികവർഷത്തെ ഭൂരിഭാഗം അപേക്ഷകളിലും അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട്, സെക്രട്ടറിയുടെ തീരുമാനം.ഒപ്പ് വിറ്റുവരവ് എന്നിവ രേഖപ്പെടുത്തുന്നില്ല.

6.ജി.ഒ(ആർ .റ്റി)795/07 ത സ്വ ഭ വ തീയതി 16.3.07 പ്രകാരം ഡി.ആന്റ്.ഒ. ലൈസൻസ് നല്കുമ്പോൾ നിന്നും 30 മൈക്രോണിൽ താഴെയുള്ള പ്ലാസ്റ്റിക്ക് ക്യാരിബാഗുകൾ നിരോധിച്ചുകൊണ്ടുള്ള മലിനീകരണ നിയന്ത്രണ ബോർഡിന്റെ വിജ്ഞാപനം പാലിക്കുമെന്ന പ്ലാസ്റ്റിക്ക് നിരോധന സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്

## 2-4 സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ ആശുപത്രികളുടെയും രജിസ്ട്രേഷൻ / ലൈസൻസ് എന്നിവ സംബന്ധിച്ച്.

താഴെ പ്പറയുന്ന സ്ഥാപനങ്ങൾ1997ലെകേരളാ പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളും പാരാമെഡിക്കൽ ആശുപത്രികളുടെയും രജിസ്ട്രേഷൻ) ചട്ടപ്രകാരം രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്നു.

1.സ്നേഹ പ്രൈമറി ഹെൽത്ത് സെന്റർ കോടാലി

2.കെ.ജെ. ഹോസ്പിറ്റൽ

3.സഹൃദയാ ഡെന്റൽ ക്ലിനിക്ക്

4.ശ്രദ്ധ ഡയഗ്നോസ്റ്റിക്ക് ലബോറട്ടറി

5.പാരാമെഡിക്കൽ ക്ലിനിക്ക് (വിവേക്.എം., കിഴക്കേടത്തുമന)

6.ക്ലിനിക്കൽ ലബോറട്ടറി (ഉമയമ്മ ,w/oരാധാകൃഷ്ണൻ, കുണ്ടൂർ)

7.ക്ലിനിക്കൽ ലബോറട്ടറി(പുഷ്പാവതി, മഠത്തിപ്പറമ്പിൽ

8.ആൻമരിയാ ഹോമിയോ ക്ലിനിക്ക്.

9.കാരുണ്യാ ഡെന്റൽ ക്ലിനിക്ക്

മേൽ സ്ഥാപനങ്ങൾക്കെതിരെ ചട്ടലംഘനത്തിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്

## 2-5 വിനോദനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ.

1.ടിക്കറ്റ് സീലിംഗ് രജിസ്റ്റർ ഹാജരാക്കിയിട്ടില്ല

2. 1961 ലെ പ്രാദേശികാധികാര വിനോദനികുതി ചട്ടങ്ങൾ ചട്ടം 21,24,26,28 പ്രകാരം വിറ്റ ടിക്കറ്റുകളുടെ വിവരവും തുക അടവാക്കിയ വിവരവും വിനോദനികുതി ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിക്കേണ്ടതാണ്.പഞ്ചായത്തിന്റെ വിനോദനികുതി ഡിമാന്റ് രജിസ്റ്ററിൽ മേൽ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.

3.പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ശ്രീലക്ഷ്മി മൂവീസിൽ നിന്നും വിനോദനികുതിയിനത്തിൽ വളരെ കുറഞ്ഞ തുകയാണ് അടവാക്കി വരുന്നത്.ഏതാനും ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ നമ്പർ | തീയതി | അന്നേ ദിവസം ആകെ വിറ്റ ടിക്കറ്റുകളുടെ എണ്ണം | വിനോദനികുതിയിനത്തിൽ അടവാക്കിയ തുക |
|---|---|---|---|
| 1 | 25.04.13 | 2 | 8.62 |
| 2 | 29.04.13 | 2 | 8.62 |
| 3 | 06.05.13 | 2 | 8.62 |
| 4 | 07.05.13 | 3 | 12.93 |
| 5 | 16.05.13 | 3 | 12.93 |
| 6 | 22.05.13 | 2 | 8.62 |
| 7 | 30.05.13 | 3 | 9 |
| 8 | 13.06.13 | 3 | 12.93 |
| 9 | 10.10.13 | 2 | 6 |

1961ലെ കേരളാ പ്രാദേശികാധികാര വിനോദനികുതി നിയമം സെക്ഷൻ 9(1),(2),(3) പ്രകാരം പഞ്ചായത്ത് പ്രസിഡന്റിനും സ്ഥാപനം അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനും പ്രദർശനം നടന്നുകൊണ്ടിരിക്കുമ്പോഴോ അല്ലാത്തപ്പോഴോ ന്യായമായ സമയത്ത് തിയേറ്റർ പരിശോധിച്ച് വിനോദ നികുതിയായി അടവാക്കുന്ന തുകയുടെ കൃത്യത ഉറപ്പുവരുത്തേണ്ടതാണ്.

## 2-6 പരസ്യനികുതിയിനത്തിൽ വരവില്ല

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ധാരാളം പരസ്യങ്ങൾ കാണുന്നുണ്ടെങ്കിലും അക്കൌണ്ട്സ് പ്രകാരം ഈയിനത്തിൽ വരവൊന്നുമില്ല. 1994ലെ കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് സെക്ഷൻ 209 ഉം അനുബന്ധങ്ങളും പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വ്യക്തമാക്കുന്നു. ആയതു പ്രകാരം പരസ്യനികുതി ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 അൺഎയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് വസ്തു നികുതി അടവാക്കുന്നില്ല.

അൺഎയ്ഡഡ് വിദ്യാഭ്യാസസ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് സർക്കുലർ നം. 49590/ആർ.സി2/2011 ത.സ്വ.ഭ.വ./12.04.12 പ്രകാരം 14.1.11.മുതൽ വസ്തുനികുതി ചട്ടങ്ങൾ ബാധകമാക്കിയിട്ടുണ്ട് .എന്നാൽ പഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ വസ്തു നികുതി അടവാക്കുന്നതായി കാണുന്നില്ല.

1.ആക്സിസ് കോളേജ്ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി.

2.എസ്.എൻ . വിദ്യാമന്ദിർ സ്കൂൾ .കോടാലി

3.വിമലാ ഹയർസെക്കന്ററി സ്കൂൾ,വെള്ളിക്കുളങ്ങര

4.ഗ്രീൻക്രസന്റ് പബ്ലിക്ക് സ്കൂൾ ,കോടാലി

മേൽ സ്ഥാപനങ്ങളുടെ വസ്തുനികുതി നിർണ്ണയം നടത്തി നികുതി പിരിച്ചെടുക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്

## 2-8 2013-14 വർഷത്തെ തൊഴിൽനികുതി പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

1.താഴെ പ്രറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ 2013-14 സാമ്പത്തികവർഷം തൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു.(കേരളാ പഞ്ചായത്ത് രാജ് ആക്റ്റ് 1994 നിയമം 204(1)

| ക്രമനമ്പർ | സ്ഥാപനം | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്. | രണ്ടാംഅർദ്ധവർഷം |
| 2 | ആർട്ടോൺ പെയിന്റ്സ് ഇന്ത്യാ പ്രൈവറ്റ് ലിമിറ്റഡ്. | ഒന്നാംഅർദ്ധവർഷം |
| 3 | അലൈയ്ഡ് ഗ്രാനൈറ്റ്സ് ആന്റ് മെറ്റൽസ് | ഒന്നം രണ്ടുംഅർദ്ധവർഷം |
| 4 | ആക്സിസ് കോളേജ് ഓഫ് എഞ്ചിനീയറിംഗ് ആന്റ് ടെക്നോളജി. | ഒന്നം രണ്ടുംഅർദ്ധവർഷം |
| 5 | ആൻമരിയാഹോമിയോ ക്ലിനിക്ക് | ഒന്നാംഅർദ്ധവർഷം |
| 6 | മറ്റത്തൂർ വനിതാ സഹകരണ സംഘം | ഒന്നം രണ്ടുംഅർദ്ധവർഷം |
| 7 | ബ്ലൂമൌണ്ടൻ ഗ്രാനൈറ്റ്സ് | ഒന്നം രണ്ടുംഅർദ്ധവർഷം |

കേരളാ പഞ്ചായത്ത് രാജ് നിയമം 1994വകുപ്പ് 204 പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ 2013-14കാലയളവിലെ തൊഴിൽ നികുതി രജിസ്റ്റർ ,വരുമാനപത്രികകൾ എന്നിവ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനതൊഴിൽ നികുതി അടവാക്കാത്തതായി കാണുന്നു.

| ക്രമനമ്പർ | സ്ഥാപനം | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | കെ.ജെ .ഹോസ്പിറ്റൽ | രണ്ടാംഅർദ്ധവർഷം |
| 2 | കേരളാ ഗ്രാമീൺബാങ്ക്.കോടാലി. | രണ്ടാംഅർദ്ധവർഷം |
| 3 | മണപ്പുറം ഫിനാൻസ് ലിമിറ്റഡ്. | രണ്ടാംഅർദ്ധവർഷം |
| 4 | കൊശമറ്റം ഫിനാൻസ് കോടാലി. | രണ്ടാംഅർദ്ധവർഷം |
| 5 | കൊടകര ഫാർമേഴ്സ് കോ-ഓപ്പറേറ്റീവ് ബാങ്ക് | ഒന്നാംഅർദ്ധവർഷം |
| 6 | മുത്തൂറ്റ് ഫിൻകോർപ്പ് ,കോടാലി | ഒന്നാംഅർദ്ധവർഷം |
| 7 | ആർട്ടോൺ പെയിന്റ്സ് ഇന്ത്യാ , കാവനാട് | ഒന്നാംഅർദ്ധവർഷം |
| 8 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് വെള്ളിക്കുളങ്ങര | ഒന്നാംഅർദ്ധവർഷം |
| 9 | കോ-ഓപ്പറേറ്റീവ് ബാങ്ക് കോടാലി | ഒന്നാംഅർദ്ധവർഷം |
| 10 | മറ്റത്തൂർ വ്യാപാരി വ്യവസായസഹകരണസംഘം | ഒന്നം രണ്ടും അർദ്ധവർഷം |

| | | |
|---|---|---|
| 11 | ബ്ലൂ മൌണ്ടൻ ഗ്രാനൈറ്റ്സ് (ക്വാറി ) | രണ്ടാംഅർദ്ധവർഷം |
| 12 | തൃശ്ശൂർ ഡിസ്ട്രിക്ക് കോ- ഓപ്പറേറ്റീവ് ബാങ്ക് കോടാലി. | ഒന്നാം രണ്ടും അർദ്ധവർഷം |
| 13 | ആക്സിസ് കോളേജ് ഓഫ് എഞ്ചിനിയറിംഗ് ആന്റ് ടെക്നോളജി. | ഒന്നാം രണ്ടും അർദ്ധവർഷം |
| 14 | ബി.എസ് .എൻ .എൽ വെള്ളിക്കുളങ്ങര | ഒന്നാം രണ്ടും അർദ്ധവർഷം |
| 15 | ബി.എസ് .എൻ .എൽ ഇഞ്ചക്കുണ്ട് | ഒന്നാം രണ്ടും അർദ്ധവർഷം |

പഞ്ചായത്തിനുണ്ടായ നികുതി നഷ്ടം പിഴപ്പലിശ സഹിതം ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതും മേൽ അപാകതകൾ ആവർത്തിക്കാതിരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

3.വ്യപ്യാരി വ്യവസായ സഹകരണസംഘം സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ അടയ്ക്കേണ്ടത് 600 രൂപയാണ്.എന്നാൽ രണ്ടാം അർദ്ധവർഷം 300 രൂപ മാത്രമേ ഇവരിൽ നിന്നും ഈടാക്കിയിട്ടുള്ളൂ.കുറവുതുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

4.നിയമനാംഗീകാരം ലഭിക്കാത്തതിനാൽ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.നിയമ നാംഗീകാരം ലഭിക്കാത്തതിനാൽ താഴെ പ്പറയുന്ന ഉദ്യോഗസ്ഥർ തൊഴിൽ നികുതി അടവാക്കിയിട്ടില്ല.

| ക്രമ നമ്പർ | പേര്/ ഉദ്യോഗപ്പേര് | സ്ഥാപനം | അടവാക്കാത്ത അർദ്ധവർഷം |
|---|---|---|---|
| 1 | സി. അൽഫോൺസ. എച്ച്. എസ്. എ. | പി. സി.ജി.എച്ച് എസ്.,വെള്ളിക്കുളങ്ങര | ഒന്നാം രണ്ടും അർദ്ധവർഷം |
| 2 | നിമ ,പി.ജെ. , എഫ്.ടി.എം | പി. സി.ജി.എച്ച് എസ്.,വെള്ളിക്കുളങ്ങര | ഒന്നാം അർദ്ധവർഷം |
| 3 | റിനി വർഗ്ഗീസ് എച്ച്.എസ്. എ. | പി. സി.ജി.എച്ച് എസ്.,വെള്ളിക്കുളങ്ങര | രണ്ടാം അർദ്ധവർഷം |
| 4 | സി. ജാൻസി. എ.വൈ. എച്ച്. എസ്. എ | പി. സി.ജി.എച്ച് .എസ്.വെള്ളിക്കുളങ്ങര | രണ്ടാം അർദ്ധവർഷം |
| 5 | സിസ്റ്റർ.ലിഷ ആന്റണി എച്ച്. എസ്. എ | പി. സി.ജി.എച്ച് എസ്.,വെള്ളിക്കുളങ്ങര | രണ്ടാം അർദ്ധവർഷം |
| 6 | പ്രീതി.പി.ജെ. യു.പി.എസ്.എ. | സെന്റ് ജോസഫ് സ് യു.പി.എസ്.മറ്റത്തൂർ | ഒന്നാം രണ്ടും അർദ്ധവർഷം |
| 7 | ഗോകുൽ.എ.കൃഷ്ണൻ യു.പി.എസ്.എ. ജൂനിയർ | സെന്റ് ജോസഫ് സ് യു.പി.എസ്.മറ്റത്തൂർ | ഒന്നാം രണ്ടും അർദ്ധവർഷം |

നിയമനാംഗീകാരം ലഭിച്ച് ശമ്പളം ലഭിക്കുന്ന മുറയ്ക്ക് മേൽപ്പറഞ്ഞവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-9 ക്വാറികളെ സംബന്ധിച്ച വിശദമായ അന്വേഷണത്തിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

1. ഡി ആന്റ് ഓ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഗ്രാമപഞ്ചായത്ത് പരിധിയിൽ താഴെ പറയുന്നവരുടെ ക്വാറികൾക്ക് ലൈസൻസ് നൽകിയിരിക്കുന്നതായി കണ്ടു.

1.ജോവി . സി.വി.ജയം സാൻഡ് ആന്റ് ഗ്രാവൽസ്

2.മാത്യു . എം. പത്രോസ്. ബ്ലൂ മൗണ്ടൻ ഗ്രാനൈറ്റ്സ്

3.എം.എസ് . കുറപ്പൻ ,മത്തോലിഹൗസ്. നോർത്ത് ചാലക്കുടി.

4.ഡേവിസ് ജോൺ,പൈനാടത്ത്.

5.ജോഷി. എം.ജെ. മഞ്ഞളി ഹൗസ്.,മറ്റത്തൂർ

6.ഷാജൻ. ഇ.എൻ.എടത്താടൻ ഗ്രാനൈറ്റ്സ്

7.ജോസ് ജോസഫ്. പ്ളാക്കൂട്ടത്തിൽ , അന്തിനാട്.

ഇതിൽ ജോഷി . എം.ജെ. മഞ്ഞളി എന്നയാളുടെ അപേക്ഷ മാത്രമാണ് ഓഡിറ്റിന് ലഭ്യമാക്കിയത്. ക്വാറികൾക്ക് ലൈസൻസ് നൽകുമ്പോൾ എക്സ്പ്ലോഷർ ലൈസൻസ് ,ഫയർ ആന്റ് റസ്ക്യൂ ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള ലൈസൻസ്, ജിയോളജി ഡിപ്പാർട്ടുമെന്റിൽ നിന്നുള്ള ലൈസൻസ്, പൊല്യൂഷൻ കൺട്രോൾ ബോർഡിൽ നിന്നുള്ള പെർമിറ്റ്, പരിസരവാസികളിൽ നിന്നുള്ള സമ്മതപത്രം, പരിസ്ഥിതി വകുപ്പിൽ നിന്നുള്ള ക്ളിയറൻസ്, വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് ആന്റ് സ്കെച്ച് എന്നിവ വേണം. ലഭ്യമാക്കിയ മേൽ അപേക്ഷയോടൊപ്പം മേൽപ്പറഞ്ഞ രേഖകളൊന്നും തന്നെ ഹാജരാക്കിയിട്ടില്ല. കൂടാതെ അപേക്ഷയിൽ യന്ത്രത്തിന്റെ കുതിരശക്തിയെ സംബന്ധിച്ചും വിറ്റുവരവിനെ സംബന്ധിച്ചും രേഖപ്പെടുത്തിയിട്ടില്ല.അപേക്ഷയിൽ 'issued' എന്നെഴുതിയിട്ടുണ്ടെങ്കിലും അന്വേഷണറിപ്പോർട്ട്, സെക്രട്ടറിയുടെ തീരുമാനം എന്നിവ രേഖപ്പെടുത്തിയിട്ടില്ല. മേൽകാര്യങ്ങൾ ഒന്നും തന്നെ ഇല്ലാതെയാണ് പഞ്ചായത്ത്സെക്രട്ടറി ശ്രീ.ജോഷി . എം.ജെ. മഞ്ഞളി എന്നയാൾക്ക് ക്വാറിക്ക് ലൈസൻസ് നൽകിയിരിക്കുന്നത്.

I.പഞ്ചായത്തിലെ ക്വാറി സബ് കമ്മറ്റി മിനിറ്റ്സ് പരിശോധനയിൽ നിന്നും താഴെ പറയുന്നവരുടെ ക്വാറികൾ പഞ്ചായത്തിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്.

1.എം.എ. ജോഷി. താലൈഡ്,അമ്പനൊളി.

2.ഇ.എൻ .ഷാജൻ.എടത്താടൻ ഗ്രാനൈറ്റ്സ്.

3.അനൂപ് ആന്റണി.പുളിക്കൻ,പുത്തനൊളി.

4.ജോസ് S/0പൗലോസ്.പുളിക്കൻ,പുത്തനൊളി

5.തങ്കപ്പൻS/0കുഞ്ഞിക്കോരൻ,ചാഴിക്കാടൻ

6.രാഘവൻ മാനിങ്കര,പുത്തനൊളി.

7.ബേബി,കണ്ണംമ്പിള്ളി,ഇഞ്ചക്കുണ്ട്

8.ബാബു,കണ്ണംമ്പിള്ളി,ഇഞ്ചക്കുണ്ട്

മേൽപ്പറഞ്ഞ ക്വാറികൾ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (എൻക്വയറി നമ്പർ 37/17.1.15) നൽകിയെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.പഞ്ചായത്തിൽ നിന്നും ലൈസൻസ് നൽകിയവരുടെ അപേക്ഷകൾ ഹാജരാക്കാതിരിക്കുകയും അവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കാതിരിക്കുകയും ചെയ്തത് ഓഡിറ്റ് സംശയാസ്പദമായി വീക്ഷിക്കുന്നു.ആയതിനാൽ പഞ്ചായത്തിലെ ക്വാറികളെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തുവാൻ ബാഹ്യ ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനായി ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

**3-1 കുടിവെള്ള വിതരണം - അപാകതകൾ**

ഇൻകം ടാക്സ് ആക്റ്റ് 1961 സെക്ഷൻ 194 (സി) പ്രകാരം കരാർ അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന ഏതൊരു ചെലവിനും ആദായ നികുതി ഈടാക്കേണ്ടതാണ്. 2013-14 വർഷം കുടിവെള്ള വിതരണത്തിനായി 9,82,000/- രൂപ ചെലവഴിച്ചതായി കാണുന്നു. ടി ചെലവിൽ നിന്നും കരാറുകാരനായ ശ്രീ. പി.എം. മണികണ്ഠനിൽ നിന്ന് ആദായ നികുതി ഈടാക്കിയിട്ടില്ല. ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

സർക്കാർ ഉത്തരവ് 1014/2012/ത.സ്വ.ഭ.വ തിയതി.16-4-2013 പ്രകാരം കുടിവെള്ള വിതരണത്തിനായി ഗ്രാമ പഞ്ചായത്തുകൾക്ക് പരമാവധി 5 ലക്ഷം രൂപ വരെയാണ് ചെലവ് ചെയ്യുന്നതിന് അനുവാദമുള്ളത്. എന്നാൽ അധിക ചെലവഴിച്ചിതിന് പ്രൊജക്റ്റ് തയ്യാറാക്കി D.P.C. അംഗീകാരം വാങ്ങിയിട്ടില്ല. ആയതിന് വിശദീകരണം നല്കേണ്ടതാണ്.

ടാങ്കർ ലോറിയിൽ കുടിവെള്ള വിതരണം നടത്തുന്നതിന് ക്വട്ടേഷൻ ആണ് ക്ഷണിച്ചിട്ടുള്ളത്. എന്നാൽ ഒരു ലക്ഷത്തിന് മുകളിലുള്ള ചെലവുകൾക്ക് ടെണ്ടർ നടപടിക്രമങ്ങൾ പാലിക്കേണ്ടതായിരുന്നു. ഇപ്രകാരം ചെയ്തിട്ടില്ല.

വെള്ളത്തിന്റെ സാംപിൾ പരിശോധനാ റിപ്പോർട്ട്, വെള്ളത്തിന്റെ ഉറവിടം എന്നിവ ഫയലിൽ ലഭ്യമല്ല. തൃശൂർ ജില്ലാ കളക്ടറുടെ 4/13 ലെ k2/6775/13 ഉത്തരവ് പ്രകാരം ട്രിപ്പ് ഷീറ്റിൽ വില്ലേജ് ഓഫീസർ ഒപ്പിടേണ്ടതാണ്. ഇപ്രകാരം ചെയ്തിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾ പരിഹരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

**3-2 കരാറുകാരൻ പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല**

പ്രോജക്ട് അംഗൻവാടി കെട്ടിട നിർമ്മാണം

(നം.27 വാർഡ് 17)

അടങ്കൽ 465000/-(M.P ഫണ്ട്)

കരാറുകാരൻ കെ.സി.സുധീർ

കരാർ നം. 10/12-13/20-11-12

പാർട്ട് ബില്ല് 210908/- (ചെക്ക് നം. 300982/20-11-13)

അളവു പുസ്തകം നം. 92/12-13

മേൽ പ്രവൃത്തി ടെണ്ടർ നടത്തി കരാർ വെച്ച് 22-11-12 ന് സൈറ്റ് കൈമാറിയിട്ടുള്ളതാണ്. തുടർന്ന് പ്രവൃത്തി ആരംഭിച്ച് പാർട്ട് ബില്ലും നൽകിയതായി കാണുന്നു. എന്നാൽ കരാറുകാരൻ പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരനിൽ നിന്നും മാറ്റി ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ചതായി 18-12-14 ലെ 10(26) നമ്പർ തീരുമാനത്തിൽ കാണുന്നു.

കരാർ നം. A1/15-16 dt.1-6-15 പ്രകാരം കൺവീനറായി അസീസ്, മറ്റത്തൂർ എന്നയാളെ തെരഞ്ഞെടുത്തതായും കാണുന്നു.

കരാറുകാരനിൽ നിന്നും മാറ്റി ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ച് പ്രവൃത്തി നടപ്പാക്കുമ്പോൾ ഉണ്ടാകുന്ന ചെലവ് കരാറുകാരനിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. കരാറുകാരൻ കരാർ വെച്ച പ്രവൃത്തി പൂർത്തീകരിക്കാത്തതിനാൽ കരാറുകാരന്റെ ലൈസൻസ് റദ്ദാക്കുന്നതിനും കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-3 സ്ഥലം വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

പഞ്ചായത്തിലെ 5ാം വാർഡിലെ 78ാം നമ്പർ അംഗൻവാടിക്ക് വേണ്ടി കേന്ദ്ര ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ മുടക്കി (വൗച്ചർ നം 147/14.05.13) സ്ഥലം വാങ്ങിയതായി കാണുന്നു. എന്നാൽ താഴെ പറയുന്ന നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

1) തണ്ടപ്പേർ രജിസ്റ്ററിൽ ചേർത്ത് പേര് മാറ്റിയിട്ടില്ല.

2) പോക്കുവരവ് നടത്തി സ്ഥലത്തിന്റെ രേഖകൾ കൃത്യമാക്കിയിട്ടില്ല.

3) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ/ജില്ലാ കളക്ടറുടെ/ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ അനുയോജ്യതാ സർട്ടിഫിക്കറ്റ് വാങ്ങിയിട്ടില്ല.

4) സ്ഥലം വാങ്ങുന്നത് സംബന്ധിച്ച് തെരച്ചിൽ സമിതി രൂപീകരിച്ചിട്ടില്ല. വ്യാപകമായ പരസ്യം നൽകി ഭൂമി നല്കാൻ തയ്യാറുള്ളവരിൽ നിന്നും അപേക്ഷ വാങ്ങിയിട്ടില്ല.

ആവശ്യമായ രേഖകൾ കൃത്യമാക്കി സൂക്ഷിക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 3-4 വൗച്ചറുകളുടെ സൂക്ഷിപ്പിലെ അപാകതകൾ

ഓരോ ചെലവിന്റെ വിവരവും ബിൽ രജിസ്റ്ററിൽ ചേർത്ത് ഒരു വർഷത്തേക്ക് തുടർച്ചയായി ബിൽ നമ്പർ ഇടേണ്ടതും എല്ലാ വൗച്ചറുകളിലും വൗച്ചർ നമ്പർ ചേർക്കേണ്ടതും എല്ലാ ചെലവുകൾക്കും വൗച്ചറുകളും ബില്ലുകളും സൂക്ഷിച്ചിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്. (ജി.ഒ.പി.177/2006/ധനം,12-4-2006) വൗച്ചറുകളുടെ സൂക്ഷിപ്പിൽ ഇപ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

### 3-5 ഫർണ്ണിച്ചർ വാങ്ങൽ - കുറഞ്ഞ നിരക്കിലുള്ള ടെണ്ടർ ഒഴിവാക്കിയതിനാൽ 22,630 രൂപയുടെ നഷ്ടം

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 185/14 പ്രകാരം നടപ്പിലാക്കിയ വിവിധ സ്ഥാപനങ്ങൾക്ക് ഫർണ്ണിച്ചർ വാങ്ങൽ എന്ന പദ്ധതിയിൽ സിൽവർ ഷൈൻ ഇൻഡസ്ട്രീസ്, കല്ലേറ്റുംകര എന്ന സ്ഥാപനത്തിൽ നിന്നും ഫർണ്ണിച്ചർ വാങ്ങുന്നതിന് ട്രഷറി ബിൽ നമ്പർ 43/13.3.14 പ്രകാരം 1,52,900 രൂപ ചെലവഴിച്ചിട്ടുണ്ട്. ടെണ്ടർ പരിശോധിച്ചതിൽ കാഡ്കോ, കോഴിക്കോട് (കേരളാ ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ) എന്ന സ്ഥാപനത്തിന്റെ നിരക്ക് താഴെ പറയും പ്രകാരം കുറവായിരുന്നു എന്ന് കാണുന്നു.

| ഐറ്റം | എണ്ണം | സിൽവർ ഷൈൻ എന്ന സ്ഥാപനത്തിന്റെ നിരക്ക് | കാഡ്കോ എന്ന സ്ഥാപനത്തിന്റെ നിരക്ക് | വ്യത്യാസം | അധികം ചെലവായ തുക |
|---|---|---|---|---|---|
| പ്ലാസ്റ്റിക് ചെയർ കയ്യില്ലാത്തത് (പർച്ചേസ് ബില്ലിൽ ബ്രാൻഡ് നെയിം രേഖപ്പെടുത്തിയിട്ടില്ല) | 200 | 380 | 284 | 96 | 19,200 |
| അലമാര (78x36x18) | 4 | 6950 | 6444 | 506 | 2,024 |
| മേശ5 4"x30"x30" | 1 | 6750 | 5344 | 1406 | 1,406 |
| | | | ആകെ | | 22,630 |

കാഡ്കോ എന്ന സ്ഥാപനത്തിന്റെ ഫർണ്ണിച്ചറുകൾക്ക് ഗുണമേന്മയിൽ എന്തെങ്കിലും കുറവ് ഉള്ളതായി പർച്ചേസ് കമ്മിറ്റി മിനിറ്റ്സിലോ, പഞ്ചായത്ത് കമ്മിറ്റി മിനിറ്റ്സിലോ രേഖപ്പെടുത്തിയിട്ടില്ല. മേൽപറഞ്ഞ പർച്ചേസ് പ്രകാരം നഷ്ടം സംഭവിച്ചതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 8/14.7.15 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിന് മറുപടിയായി കാഡ്കോ ഫ്രൻഡ്സ് എന്ന മോഡൽ ചെയറാണ് ഓഫർ ചെയ്തിരുന്നതെന്നും ടി മോഡൽ ഗുണനിലവാരം കുറഞ്ഞതിനാൽ കംഫർട്ട് എന്ന കമ്പനിയുടെ ചെയർ വാങ്ങി എന്നുമാണ് അറിയിച്ചത്. എന്നാൽ സിൽവർഷൈൻ സമർപ്പിച്ച ടെണ്ടറിൽ നിൽകമൽ കമ്പനിയുടെ ചെയറിന്റെ വിലയാണ് സൂചിപ്പിച്ചിരുന്നത്. ടെണ്ടറിൽ പറയാത്ത കംഫർട്ട് എന്ന ചെയർ ടി സ്ഥാപനത്തിൽ നിന്നും വാങ്ങിയത് ക്രമപ്രകാരമല്ല. മാത്രമല്ല സിൽവർഷൈൻ എന്ന സ്ഥാപനത്തിന്റെ പർച്ചേസ് ബില്ലിൽ ചെയറിന്റെ ബ്രാൻഡ് നെയിം രേഖപ്പെടുത്തിയിട്ടില്ല. മേൽപറഞ്ഞ അപാകതകളുടെ അടിസ്ഥാനത്തിൽ അധികം ചെലവഴിച്ച 22,360 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടി തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

## 3-6 ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയുടെ ലംഘനം

സംസ്ഥാന ആസൂത്രണബോർഡ് 1999ൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ്ഗരേഖയും തുടർന്ന് പുറത്തിറങ്ങിയ ഉത്തരവുകളും പ്രകാരം ഗുണഭോക്തൃ സമിതി മുഖേന പ്രവർത്തികൾ നടപ്പാക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങൾ സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഇത് പ്രകാരം ഗുണഭോക്തൃ സമിതി ചെയർമാന്റെയും കൺവീനറുടെയും പേരിൽ ആരംഭിക്കുന്ന ജോയിന്റ് അക്കൗണ്ടിൽകൂടി മാത്രമേ പണമിടപാടുകൾ നടത്താവൂ. എന്നാൽ താഴെ പറയുന്ന പ്രവർത്തികളിൽ ഈ നിർദ്ദേശം പാലിച്ചിട്ടില്ല.

| പ്രോജക്ട്, അടങ്കൽ തുക, അളവുപുസ്തകം | കൺവീനർ, | ചെക്ക് നം, തിയതി, തുക |
|---|---|---|

| | | |
|---|---|---|
| | കരാർ നം. | |
| മനുതുങ്ങൽ മോനടി റോഡിൽ കൾവർട്ട് നിർമ്മാണം (MLAവർക്ക്) 95,000/ MB.48/12.13 | വർഗ്ഗീസ് 6/AE/LSGD/, 12.12.12 | 301590/4-6-13, 84,071 /- |
| ചെട്ടിച്ചാൽ മാരിയമ്മൻ റോഡ് ടാറിംഗ് (MLAവർക്ക്) 2,20,000MB.29/12.13 | വി.കെ.കുട്ടൻ 105/AE/LSGD/, 3.9.12 | 301387/29-4-13, 2,05,715 /- |
| ആകെ ചെലവ് | | 2,89,786/- |

പ്രവൃത്തി തൃപ്തികരമായി പൂർത്തീകരിക്കുന്നതു വരെ സമിതി ആഴ്ചയിലൊരിക്കൽ യോഗം ചേരുകയും വൗച്ചറുകൾ പാസാക്കുകയും പുരോഗതി വിലയിരുത്തുകയും തീരുമാനങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്തുകയും വേണം. പ്രവൃത്തി പൂർത്തിയാക്കിയാലുടനെ സമിതി യോഗം ചേർന്ന് വരവ് ചെലവ് കണക്കുകൾ പാസാക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം യോഗം ചേർന്ന് വരവ് ചെലവ് കണക്കുകൾ പാസാക്കുകയോ മിനിറ്റ്സിൽ രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. മിനിറ്റ്സ് ബുക്ക് ഹാജരാക്കിയിട്ടില്ല.

എഞ്ചിനീയർ രേഖപ്പെടുത്തുന്ന അളവുകളനുസരിച്ച് കരാർ ഉടമ്പടിയിലെ നിരക്കുകൾ അനുസരിച്ചുള്ള ബിൽ തുകയോ ഗുണഭോക്തൃ സമിതി യഥാർത്ഥത്തിൽ ചെലവാക്കിയ തുകയോ ഏതാണ് കുറവ് അതാണ് സമിതിക്ക് നൽകുക. പ്രവൃത്തി പൂർത്തിയാക്കിയാലുടനെ തന്നെ വരവ് ചെലവ് കണക്ക് പുസ്തകം, മസ്റ്റർ റോളുകൾ, മിനിറ്റ്സ് പുസ്തകം എന്നിവ പഞ്ചായത്തിൽ ഹാജരാക്കണം. അവ കൂടി പരിശോധിച്ചതിന് ശേഷമാവണം ഫൈനൽ ബിൽ നൽകേണ്ടത്. എന്നാൽ ഈ രേഖകൾ ഇല്ലാതെയാണ് ഫൈനൽ ബിൽ നൽകിയിരിക്കുന്നത്. ഇക്കാരണങ്ങളാൽ ചെലവ് തുക 2,89,786/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(എൻക്വയറി നം.43/20.07.15)

## 3-7 (എ) തൊഴിൽ രഹിത വേതനം - തീർപ്പാക്കുന്നതിൽ കാലതാമസം:

28-5-1998 ലെ GO(P) 23/98തൊഴിൽ രഹിത വേതന ചട്ടങ്ങൾ റൂൾ 6(1) പ്രകാരം തൊഴിൽ രഹിത വേതന അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം തീരുമാനമെടുക്കണം. എന്നാൽ 20-12-13 മുതൽ 1-12-14 വരെ ലഭിച്ച 19 അപേക്ഷകൾ 28-2-15 ന് തൃശ്ശൂർ ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഓഫീസർക്ക് നൽകിയെങ്കിലും നാളിതുവരെ നടപടികൾ എടുത്തിട്ടില്ല.

<u>പാസാക്കുന്ന തിയതി മുതൽ വേതനം നൽകിയിട്ടില്ല</u>

താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് പാസാക്കിയ തിയതി മുതൽ വേതനം നൽകിയിട്ടില്ല.

| ഗുണഭോക്താവിന്റെ പേര് | റോൾ നമ്പർ | പാസാക്കിയത് | അനുവദിച്ചത് |
|---|---|---|---|
| നീതു വിശ്വനാഥൻ | 25/12 | 7/12 | 8/12 |
| സജിത സി.വി | 37/12 | 8/12 | 12/12 |
| പ്രിൻസി കെ.സി | 36/12 | 8/12 | 12/12 |
| പ്രജിത കെ.വി | 29/12 | 7/12 | 12/12 |
| വിപിനേന്ദ്രൻ എം.വി | 45/12 | 10/12 | 6/13 |

ഇക്കാര്യത്തിൽ വിശദീകരണം നൽകേണ്ടതാണ്.

<u>(ബി)അർഹതയില്ലാത്തയാൾക്ക് വേതനം നൽകി വരുന്നു</u>

മിനിജാൻ ബി.ജെ, പാറോത്തുംപറമ്പിൽ എന്ന ഗുണഭോക്താവിന്റെ ജനന തിയതി 24-2-1978 ആണ്. വേതനത്തിനുള്ള അർഹത ഫെബ്രുവരി 2013 വരെയേ ഉള്ളൂ. എന്നാൽ ടിയാന് 2013 ഡിസംബർ വരെ വേതനം

നൽകിയിട്ടുള്ളതായി കാണുന്നു.

ഈയിനത്തിൽ 1200/-രൂപ അധികം നല്കിയിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷമാണ് തുക ചെലവഴിച്ചിട്ടുള്ളത്. ടി തുക ബന്ധപ്പെട്ടവരിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-8 തെരുവ് വിളക്ക് അറ്റകുറ്റപ്പണി – അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 169/14 പ്രകാരം നടപ്പിലാക്കിയ തെരുവ് വിളക്ക് അറ്റകുറ്റപ്പണി എന്ന പ്രോജക്ടിന് വേണ്ടി തനത് ഫണ്ടിൽ നിന്നും റോഡിതര സംരക്ഷണ ഗ്രാന്റിൽ നിന്നുമായി താഴെ പറയും പ്രകാരം 5,17,910 രൂപ ചെലവഴിച്ചിട്ടുണ്ട്.

| ട്രഷറി ബിൽനമ്പർ/തീയതി | ചെക്ക് നമ്പർ/തീയതി | തുക |
|---|---|---|
| 2/2.7.13 | | 24,440 |
| 8/7.9.13 | | 41,974 |
| 24/8.11.13 | | 39,406 |
| 27/18.12.13 | | 1,04,370 |
| | 000234/15.1.14 (തനത് ഫണ്ട്) | 1,51,410 |
| | 000433/3.3.14 (തനത് ഫണ്ട്) | 1,56,310 |
| | ആകെ | 5,17,910 |

പ്രോജക്ടിന്റെ ചെലവുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പഞ്ചായത്ത് പ്രദേശത്ത് ആകെ എത്ര തെരുവു വിളക്കുകൾ ഉണ്ട് എന്നോ അവയുടെ ഇനം, തരം എന്നിവ സംബന്ധിച്ചോ ഉള്ള യാതൊരു കണക്കുകളും പഞ്ചായത്ത് ഓഫീസിൽ ലഭ്യമല്ല.

2. തെരുവ് വിളക്കുകളുടെ പരിപാലനം സംബന്ധിച്ച സർക്കുലർ നമ്പർ 3055/ഡി.എ.3/2011/തസ്വഭവ. തീയതി 15.9.11 പ്രകാരം തെരുവ് വിളക്ക് പരിപാലനം നിയമാനുസൃതമായ ഇലക്ട്രിക്കൽ കോൺട്രാക്ട് ലൈസൻസ് ഉള്ള അംഗീകൃത കരാറുകാർക്ക് മാത്രം നൽകേണ്ടതാണ്.കെ.എൽ.ബിജു, കള്ളിയത്തുപറമ്പിൽ എന്നയാൾക്കാണ് തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണിക്ക് കരാർ നൽകിയിട്ടുള്ളത്. ടിയാന് പ്രവൃത്തി നിർവ്വഹിക്കുന്നതിനുള്ള യോഗ്യതയോ ലൈസൻസോ ഉണ്ടോ എന്ന് പഞ്ചായത്ത് അധികാരികൾ പരിശോധിച്ചിട്ടില്ല.

3. കരാറുകാരൻ/സൂപ്പർവൈസറി ലൈസൻസുള്ള കരാറുകാരൻ/സൂപ്പർവൈസർ/ഇത്തരം ജോലികൾ ഏർപ്പാടാക്കി നൽകുന്ന ഏജൻസികളിൽ പ്രവർത്തിച്ചവർ എന്നിങ്ങനെ സമാന ജോലികളിലുള്ള മുൻപരിചയ സർട്ടിഫിക്കറ്റിന്റെ പകർപ്പുകൾ കരാർ സമർപ്പിക്കുന്ന ആൾ ഹാജരാക്കേണ്ടതാണ് എന്ന സർക്കുലറിലെ വ്യവസ്ഥ പാലിച്ചിട്ടില്ല.

4. കരാർ ലഭിക്കുന്നയാൾ ആകെ കരാർ തുകയുടെ 10% സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി നൽകേണ്ടതാണ് എന്ന നിർദ്ദേശം പാലിച്ചിട്ടില്ല.

5. കരാറുകാരനുമായുള്ള 24.4.13-ലെ എഗ്രിമെന്റ് പ്രകാരം തെരുവ് വിളക്കുകൾ സ്ഥാപിച്ച്/അറ്റകുറ്റപ്പണി നടത്തി കെഎസ്.ഇ.ബി.അധികൃതരിൽ നിന്നും സർട്ടിഫിക്കറ്റ് ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ പ്രവൃത്തി ചെയ്തതിന്റെ തുക അനുവദിക്കാവൂ. ഈ വ്യവസ്ഥയും പാലിക്കാതെയാണ് ടിയാന് തുകകൾ അനുവദിച്ചിട്ടുള്ളത്.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 14/16.7.15 പ്രകാരം ആവശ്യപ്പെട്ടതനുസരിച്ച് വിശദമായ മറുപടി ലഭ്യമാക്കിയെങ്കിലും മേൽപറഞ്ഞ അപാകതകൾക്ക് കൃത്യമായ മറുപടി നൽകിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 5,17,910 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-9 ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ - അപാകതകൾ

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 167/14 പ്രകാരം നടപ്പിലാക്കിയ ജനകീയ ജൈവവൈവിധ്യ രജിസ്റ്റർ തയ്യാറാക്കൽ എന്ന പ്രോജക്ടിന് വേണ്ടി വികസനഫണ്ടിൽ നിന്നും ആകെ 69,160 രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ ട്രഷറി ബിൽ നമ്പർ 58/28.3.14 പ്രകാരം 58,800 രൂപ പിൻവലിച്ചതിൽ 34,500 രൂപ വിവരശേഖരണം നടത്തിയ 69 വളണ്ടിയേഴ്സിന് 500 രൂപ വീതം പ്രതിഫലയിനത്തിൽ നൽകിയതാണ്. രേഖകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

*1. (എ) ശ്രീവിദ്യ ടി.ആർ., മടത്തിപ്പറമ്പിൽ, (ബി) സബീന എം.കെ, ചെറിയേടത്തുപറമ്പിൽ, (സി) ജോസ്സി.പി.ജെ, കറ്റിയിൽ എന്നിവർക്ക് രണ്ട് പ്രാവശ്യം വീതം തുക നൽകിയിട്ടുണ്ട്.*

2. 26.9.13-ൽ സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ നേതൃത്വത്തിൽ നടത്തിയ ട്രെയിനിങ്ങിൽ പങ്കെടുക്കാത്ത താഴെ പറയുന്ന 35വളണ്ടിയേഴ്സിന് വിവരശേഖരണത്തിന് പ്രതിഫലം നൽകിയതായി കാണുന്നു. വളണ്ടിയേഴ്സിന്റെ പേര് വിവരം താഴെ ചേർക്കുന്നു.

| ക്രമനമ്പർ | പേര് |
|---|---|
| 1 | സുലോചന നെല്ലിപ്പറമ്പിൽ |
| 2 | ദേവകി സിദ്ധാർത്ഥൻ തുവത്ത് |
| 3 | ഗിരിജ സദാനന്ദൻ |
| 4 | വിജയ.ബി. |
| 5 | മീര രാജൻ വലിയപറമ്പിൽ |
| 6 | അഖില എം.എ, മുല്ലത്തടത്തിൽ |
| 7 | നിനിത ബെന്നി |
| 8 | സീന സഹദേവൻ |
| 9 | സരസ്വതി ശിവരാജൻ |
| 10 | സ്വാതി മേനോൻ വെട്ടിയാട്ടിൽ |
| 11 | ഷീബ അശോകൻ |
| 12 | ഷീല ശശി |
| 13 | രാജി മധു ചക്കാലിശ്ശേരി |
| 14 | ശോഭന കളപ്പുരക്കൽ |
| 15 | ബീന പി.എ.മാത്തിപ്പറമ്പിൽ |
| 16 | സുജാത.ഒ.വി.തെസ്യേക്കപ്പറമ്പിൽ |
| 17 | അൽഫോൻസ ചന്ദ്രൻ മറ്റത്തുക്കാരൻ |
| 18 | ആനന്ദം ഉണ്ണികൃഷ്ണൻ |

| | |
|---|---|
| 19 | കൃഷ്ണേന്ദു |
| 20 | ഉഷ ഇല്ലത്തുപറമ്പിൽ |
| 21 | സുജിത ഗോപി വട്ടപ്പറമ്പിൽ |
| 22 | സൈനബ കഞ്ഞാമു വേട്ടശ്ശേരി |
| 23 | ശ്രീജി സുന്ദരൻ |
| 24 | ശോഭന കൃഷ്ണൻകുട്ടി |
| 25 | രാധാ വിജയൻ |
| 26 | വിനീത ഉണ്ണികൃഷ്ണൻ |
| 27 | ഹാരിഫ അഷറഫ് പറവത്ത് |
| 28 | സിസിലി ജോൺ അന്തിക്കാടൻ |
| 29 | അംബിക മോഹനൻ കോട്ടപ്പറമ്പിൽ |
| 30 | അൽഫോൺസാ മത്തായി മാഞ്ഞൂരാൻ |
| 31 | സ്മിത പീറ്റർ നരിപ്പിലാവിങ്കൽ |
| 32 | മിനി ബാബു കണ്ണോളി (മെമ്പർ) |
| 33 | സീന തോമസ് പൈനാടത്ത് |
| 34 | പുഷ്പ ജോയ് പൈനാടത്ത് |
| 35 | സിസിലി പൗലോസ് ഇടിയൻ |

മേൽപറഞ്ഞതിൽ ക്രമനമ്പർ 18 മുതൽ 35 വരെയുള്ളവരുടെ പേര് പരിശീലനം കിട്ടിയവരുടെ ലിസ്റ്റിൽ എഴുതിച്ചേർത്തിട്ടുണ്ടെങ്കിലും പേരിന് നേരെ ഒപ്പിട്ടിട്ടില്ല. ആയതിനാൽ ടി വ്യക്തികൾക്ക് പരിശീലനം ലഭിച്ചിട്ടില്ല എന്നത് വ്യക്തമാണ്. മേൽപറഞ്ഞ പ്രകാരം പരിശീലനം ലഭിക്കാത്തവർക്ക് പ്രതിഫലം നൽകിയതിനും മൂന്ന് പേർക്ക് 2 പ്രാവശ്യം വീതം പ്രതിഫലം നൽകിയതിനും വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 44/20.7.15 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയില്ല. ആയതിനാൽ ട്രെയിനിങ്ങിൽ പങ്കെടുക്കാത്ത 35 പേർക്ക് വിവരശേഖരണത്തിന് നൽകിയ 17,500 രൂപയും മൂന്ന് പേർക്ക് 2 പ്രാവശ്യം വീതം നല്കിയതിനാൽ അധികം നൽകിയ 1500 രൂപയും അടക്കം ആകെ 19,000 രൂപയുടെ ചെലവ് ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

## 3-10 കമ്പ്യൂട്ടർ വാങ്ങൽ – സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചില്ല

ട്രഷറി ബിൽ നമ്പർ 55/26.3.14 -1,53,770

ചെക്ക് നമ്പർ 550396/31.3.14 - 68,000

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 8/14 പ്രകാരം നടപ്പിലാക്കിയ കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങൽ എന്ന പ്രോജക്ടിനു വേണ്ടി വികസനഫണ്ടിൽ നിന്നും തനത് ഫണ്ടിൽ നിന്നുമായി 2,21,770 രൂപ ചെലവഴിച്ചിട്ടുണ്ട്.

ടെണ്ടർ നടപടികൾ സ്വീകരിച്ച് സീറ്റ ഐ.ടി.ഇന്നവേഷൻസ് (പി) ലിമിറ്റഡ് എന്ന സ്ഥാപനത്തിൽ നിന്നും 3 ലാപ്പ്ടോപ്പ് കമ്പ്യൂട്ടറുകൾ, 3 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകൾ എന്നിവ വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്. 3.7.2012-ലെ സർക്കാർ ഉത്തരവ് (സാധാ)നം.1838/2012/തസ്വഭവ. ഖണ്ഡിക 7 പ്രകാരം കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും കെൽട്രോൺ മുഖേന വാങ്ങേണ്ടതാണ്. മേൽ നമ്പർ ഉത്തരവിന് വിരുദ്ധമായി സ്വകാര്യ സ്ഥാപനത്തിൽ നിന്നും ടെണ്ടർ മുഖേന കമ്പ്യൂട്ടറുകൾ വാങ്ങിയതിന് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 6/14.7.15 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി കെൽട്രോണിനേക്കാൾ കുറഞ്ഞ നിരക്കിലാണ് കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ വാങ്ങിയത് എന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് തെളിയിക്കുന്നതിനുള്ള യാതൊരു രേഖകളും ഓഡിറ്റിൽ ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2,21,770 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-11 ഗ്രാമപഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർവൽക്കരണം - ആവശ്യം കണക്കിലെടുക്കാതെയും അധിക നിരക്കിലും കമ്പ്യൂട്ടറുകൾ വാങ്ങി

1. ട്രഷറി ബിൽ നമ്പർ 66/31.3.14 - 3,00,000 (വികസനഫണ്ട്)

2. ചെക്ക് നമ്പർ 550397/31.3.14 - 60,300 (തനത് ഫണ്ട്)

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 326/14 പ്രകാരം നടപ്പിലാക്കിയ ഗ്രാമപഞ്ചായത്ത് ഓഫീസ് കമ്പ്യൂട്ടർവൽക്കരണം (ജനറൽ) എന്ന പ്രോജക്ടിന് വേണ്ടി 3,60,300 രൂപ ചെലവഴിച്ചിട്ടുണ്ട്. സതേൺ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിൽ നിന്നും ഡി.ജി.എസ് & ഡി റേറ്റ് കോൺട്രാക്ട് പ്രകാരം 8 ഡെസ്ക് ടോപ്പ് കമ്പ്യൂട്ടറുകളും 3 പ്രിൻററുകളും വാങ്ങുന്നതിനാണ് തുക ചെലവഴിച്ചത്.

പദ്ധതി പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പഞ്ചായത്ത് ഓഫീസിൽ നിലവിൽ നന്നായി പ്രവർത്തിക്കുന്ന22 കമ്പ്യൂട്ടറുകൾ (അസിസ്റ്റന്റ് എഞ്ചിനിയർ, തൊഴിലുറപ്പ് പദ്ധതി എന്നീ ഓഫീസുകൾക്ക് നൽകിയതിന് പുറമെ) ഉണ്ടെന്ന് സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടുള്ള സ്റ്റോക്ക് രജിസ്റ്ററിൽ നിന്നും മനസ്സിലാകുന്നു. അതായത് മേൽപ്രകാരം 8 കമ്പ്യൂട്ടറുകൾ വാങ്ങുന്നതിന് മുമ്പ് തന്നെ നന്നായി പ്രവർത്തിക്കുന്ന 14 കമ്പ്യൂട്ടറുകൾ പഞ്ചായത്ത് ഓഫീസിൽ ഉണ്ടായിരുന്നു.

2. സെക്രട്ടറി ഉൾപ്പെടെ ആകെ 10 ജീവനക്കാരാണ് കമ്പ്യൂട്ടർ ഉപയോഗിക്കുന്നത് എന്നാണ് ഇതു സംബന്ധിച്ച അന്വേഷണത്തിന് മറുപടി നൽകിയത്. ഫ്രണ്ട് ഓഫീസ് ഉൾപ്പെടെ 10 ജീവനക്കാർക്ക് 14 കമ്പ്യൂട്ടറുകൾ തതിയാകമെന്നിരിക്കെ വീണ്ടും 8 കമ്പ്യൂട്ടറുകൾ വാങ്ങിയതിന് യാതൊരു കാരണവും രേഖപ്പെടുത്തിയിട്ടില്ല.

3. സതേൺ അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിൽ നിന്നും ഏയ്സർ വെരിട്ടോൺ എന്ന മോഡൽ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ 42,000 രൂപ നിരക്കിലാണ് (40,000 + 5% വാറ്റ്) വാങ്ങിയിട്ടുള്ളത്. പ്രോജക്ട് നമ്പർ 8/14 പ്രകാരം 26.3.2014-ൽ ഇതേ മോഡൽ ഡെസ്ക് ടോപ്പ് കമ്പ്യൂട്ടർ സീറ്റാ ഐ.ടി.ഇന്നവേഷൻസ് എന്ന സ്ഥാപനത്തിൽ നിന്നും 38,690 രൂപ നിരക്കിലാണ് വാങ്ങിയത്. (രണ്ടിലും സോഫ്റ്റ് വെയർ ഉൾപ്പെടെ). ഒരേ മാസത്തിൽ രണ്ട് സ്ഥാപനങ്ങളിൽ നിന്നും വ്യത്യസ്ത നിരക്കിൽ നടത്തിയ പർച്ചേസ് പ്രകാരം ഒരു കമ്പ്യൂട്ടറിന് 3,310 (42,000 – 38,690) രൂപ പ്രകാരം 8 കമ്പ്യൂട്ടറുകൾക്ക് ആകെ 26,480 രൂപ നഷ്ടം വന്നിട്ടുണ്ട്.

4. 3.7.2012-ലെ സർക്കാർ ഉത്തരവ് (സാധാ)നം.1838/2012/തസ്വഭവ. ഖണ്ഡിക 7 പ്രകാരം കമ്പ്യൂട്ടറുകൾ കെൽട്രോൺ മുഖേന വാങ്ങേണ്ടതാണ്.

മേൽ പറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് അന്വേഷണം നമ്പർ 7/14.7.2015 പ്രകാരം ആവശ്യപ്പെട്ടതിന് മറുപടിയായി ഗ്രാമപഞ്ചായത്തിൽ നിലവിൽ പ്രവർത്തന സജ്ജമായ 19 കമ്പ്യൂട്ടറുകളാണ് ഉള്ളത് എന്ന് അറിയിച്ചിട്ടുണ്ട്. 3 എണ്ണം പ്രവർത്തനസജ്ജമല്ല എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് 'നന്നായി പ്രവർത്തിക്കുന്ന' എന്ന സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലിന് വിരുദ്ധമാണ്. മാത്രമല്ല, 3.7.2012-ലെ സർക്കാർ ഉത്തരവ് (സാധാ)നം.1838/2012/തസ്വഭവ. ഖണ്ഡിക9 പ്രകാരം കമ്പ്യൂട്ടറുകളുടെയും അനുബന്ധ ഉപകരണങ്ങളുടെയും എണ്ണം നിശ്ചയിക്കുമ്പോൾ നിലവിലുള്ള പ്രവർത്തനക്ഷമമായ കമ്പ്യൂട്ടറുകളുടെയും ഉപകരണങ്ങളുടെയും എണ്ണവും ആവശ്യകതയും കൂടി കണക്കിലെടുക്കേണ്ടതാണ് എന്നും അറ്റകുറ്റപ്പണി ചെയ്തും അപ്ഗ്രേഡ് ചെയ്തും പ്രവർത്തനക്ഷമമാക്കാവുന്നവ അപ്രകാരം ചെയ്യേണ്ടതാണ് എന്നുമുള്ള നിർദ്ദേശം അനുസരിച്ചിട്ടില്ല. ആയതിനാൽ ആവശ്യത്തിലധികമായി 3 കമ്പ്യൂട്ടറുകൾ വാങ്ങി എന്ന് വ്യക്തമാകുന്നു. ആവശ്യത്തിൽ കൂടുതലായി വാങ്ങിയ മൂന്ന് കമ്പ്യൂട്ടറുകൾക്ക് വേണ്ടി ചെലവഴിച്ച 1,26,000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. കൂടാതെ അധികനിരക്കിൽ വാങ്ങിയതു മൂലം കൂടുതൽ ചെലവഴിക്കേണ്ടിവന്ന 26,480 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു. ഈ തുക ഉത്തരവാദിയിൽ നിന്നും ഈടാക്കി സർക്കാരിന്റെ സഞ്ചിത നിധിയിൽ അടവാക്കേണ്ടതാണ്.

## 3-12 പ്രധാനാധ്യാപകൻ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

പദ്ധതി: LP/UP സ്കൂളിൽ കലാ-കായിക പരിശീലനം

പ്രോജക്ട് നം. 5302/14

അടങ്കൽ: 80000 രൂപ

ഫണ്ടിനം: തനത്ഫണ്ട്

ഭരണാനുമതി നം. 1/12.6.13

ചെക്ക് നം. 300492/31.10.13-15000രൂപ

ചെക്ക് നം. 00076/06.12.13-5000 രൂപ

ചെക്ക് നം. 550379/21.03.14-30000 രൂപ

ആകെ 50000 രൂപ

ഈ പദ്ധതിപ്രകാരം പഞ്ചായത്ത് പരിധിയിലുള്ള LP/UPസ്കൂളുകളിൽ കലാകായിക പരിശീലനം നടത്തിയതിന് സംഗീതാധ്യാപികയ്ക്ക് 8/13 മുതൽ 2/14 വരെ മാസങ്ങളിലെ ഹോണറേറിയമായി പ്രതിമാസം 5000 രൂപ വീതം 35000 രൂപയും കായികാധ്യാപകന് 12/13 മുതൽ 2/14 വരെ ഹോണറേറിയമായി പ്രതിമാസം5000 രൂപ വീതം 15000രൂപയും നൽകിയിട്ടുണ്ട്.സർക്കാർ ഉത്തരവ് (എം.എസ് )നം.225/12/തസ്വഭവ/16.08.12 ഖണ്ഡിക6(iii) ഈ പ്രോജക്ടുകൾ എസ്.എസ്.എ ആണ് നടപ്പിലാക്കേണ്ടത്. ആയതിനാൽ ഈയിനത്തിൽ തനത്ഫണ്ടിൽ നിന്നും ചെലവാക്കിയ 50000 രൂപ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ്എൻക്വയറിനം.34/17-7-15)

## 3-13 പശു വളർത്തൽ പദ്ധതി - അപാകതകൾ

വെറ്ററിനറി സർജൻ നിർവ്വഹണ ഉദ്യോഗസ്ഥനായി പ്രോജക്ട് നമ്പർ 127/14 പ്രകാരം നടപ്പിലാക്കിയ പശു വളർത്തൽ പദ്ധതി എന്ന പ്രോജക്ടിന വേണ്ടി വികസനഫണ്ടിൽ നിന്നും താഴെ പറയും പ്രകാരം 5,75,000 രൂപ ചെലവഴിച്ചിട്ടുണ്ട്. 23 ഗുണഭോക്താക്കൾക്ക് 15000 രൂപ പശുവിനെ വാങ്ങുന്നതിനും 10,000 രൂപ തൊഴുത്ത് നിർമ്മിക്കുന്നതിനും നൽകുന്നതിനാണ് തുക ചെലവഴിച്ചത്.

| ട്രഷറി ബിൽ നമ്പർ/തീയതി | തുക |
|---|---|
| 8/27.3.2014 | 5,25,000 |
| 11/31.3.2014 | 50,000 |
| ആകെ | 5,75,000 |

പദ്ധതിയുടെ ചെലവുകൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഗുണഭോക്താക്കളിൽ ഒരാളായ സരോജിനി പള്ളത്ത് എന്ന ആൾക്കാണ് പശുക്കളെ വാങ്ങുന്നതിനുള്ള സബ്സിഡി തുക 3,45,000 രൂപ കൈമാറിയത്. ടിയാൾ എല്ലാവർക്കും വേണ്ടി 23 പശുക്കളെ വാങ്ങിയതിനാണ് തുക നൽകിയത് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പശുക്കളെ വില്പന നടത്തിയ ആളുടെ പേരോ മറ്റ് വിവരങ്ങളോ ഫയലിൽ ലഭ്യമല്ല. ഗുണഭോക്തൃ വിഹിതം അടക്കം മൊത്തം തുക പശുവിനെ വില്പന നടത്തിയ ആൾക്ക് നല്കാതെ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയത് ക്രമപ്രകാരമല്ല.

2. സബ്സിഡി മാർഗ്ഗരേഖയിലെ നിർദ്ദേശാനുസരണം ഉരുക്കളെ ചുരുങ്ങിയത് 3 വർഷം വളർത്തുമെന്ന കരാർ വച്ചിട്ടില്ല.

3. പുതിയ തൊഴുത്ത് നിർമ്മിക്കുന്നതിന് ഒരാൾക്ക് 10,000 രൂപ വീതം നൽകിയിട്ടുണ്ട്. എന്നാൽ ധനസഹായം അനുവദിക്കുന്നതിന് മുമ്പ് റഫ് കോസ്റ്റ് എസ്റ്റിമേറ്റ് എടുത്തതായി കാണുന്നില്ല.

മേലുന്നയിച്ച അപാകതകൾക്ക് വിശദീകരണം നൽകുവാൻ ഓഡിറ്റ് എൻക്വയറി നമ്പർ 9/16.7.2015 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും യാതൊരു മറുപടിയും ലഭിച്ചില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 5,75,000 രൂപ

ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ടി പദ്ധതിയുടെ ഗുണഭോക്താക്കൾ പശുക്കളെ വാങ്ങുകയോ പുതിയ തൊഴുത്ത് നിർമ്മിക്കുകയോ ചെയ്തിട്ടുണ്ടോ എന്നതിനെക്കുറിച്ച് വിശദമായ അന്വേഷണം നടത്തുന്നതിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-14 കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ - അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| ക്രമ നം | പ്രോജക്റ്റ് നമ്പർ/ പേര് | ട്രഷറി ബിൽ നമ്പർ/തീയതി | തുക | അപാകതകൾ |
|---|---|---|---|---|
| 1. | 312/14 – വനിതാ ലേബർ ബാങ്ക് ഗ്രാമപഞ്ചായത്ത് വിഹിതം | 5/25.3.14 | 2,00,000 | മഹിളാ കിസാൻ സശാക്തീകരൺ പരിയോജനയുടെ ഔദ്യോഗിക കൈപ്പറ്റ് രസീത്, തുകയുടെ വിനിയോഗ സാക്ഷ്യ പത്രം എന്നിവ ഹാജരാ ക്കിയില്ല. |
| 2 | 18/14 – സംയോജിത നെൽകൃഷി വികസനപദ്ധതി | 2/1.3.144/<br>1.3.148/23.3.14<br>4/01.03.14<br>8/23.03.14 | 10,93,478<br><br>3,44,228<br>1,26,996 | വെള്ളിക്കുളങ്ങര സർവീസ് സഹകരണ ബാങ്കിൽ നിന്നും രാസവളം, കുമ്മായം, കീടനാശിനി എന്നിവ വാങ്ങിയത്. പദ്ധതിയുടെ ഗുണഭോക്തൃലിസ്റ്റ്, ബാങ്കിന്റെ കൈപ്പറ്റ് രസീത് എന്നിവ ഹാജരാക്കിയില്ല. കുമ്മായം, കീടനാശിനി എന്നിവ ടെണ്ടറില്ലാതെ വാങ്ങിയനടപടി ജി.ഒ.(പി)259/2010/തസ്വഭവ.തീയതി 8.11.2010 എന്ന ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമാണ്. ടി ഉത്തരവ് പ്രകാരം ഒരു ലക്ഷം രൂപയക്ക മേൽ മതിപ്പ് വിലയുള്ള പർച്ചേസുകൾക്ക് ഓപ്പൺ ടെണ്ടറിങ്ങ് നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| 3 | -ടി- | 550391/31.3.14<br>ബ്ലോക്കവിഹിതം | 7,00,000 | ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല. |
| 4 | 19/14 – തെങ്ങ് പുരയിട കൃഷി വികസനം | 6/25.03.14<br>7/25.03.14 | 34000<br>238000 | ഒരു ക്ലസ്റ്ററിന് 34,000 രൂപ വീതം ഗ്രാമപഞ്ചായത്തിലെ 23 വാർഡുകളിലുള്ള 23 |

| | | | | |
|---|---|---|---|---|
| | | 1/19.02.14<br>3/01.03.14 | 442000<br>68000 | തെങ്ങ് കൃഷി ക്ലസ്റ്ററുകൾക്ക് വെള്ളികുളങ്ങര സർവീസ് സഹകരണ ബാങ്കിൽ നിന്നും എല്ലുപൊടി വാങ്ങി വിതരണം നടത്തിയതിനുള്ള സബ്സിഡി തുക. അപാകതകൾ :1. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാർഗ്ഗരേഖ പ്രകാരം 1,00,000രൂപയിൽ കൂടുതൽ മതിപ്പ് വിലയുള്ള വാങ്ങലുകൾക്ക് ഓപ്പൺ ടെണ്ടറിങ്ങ് നടപടി സ്വീകരിക്കേണ്ടതാണ്. എന്നാൽ ഇപ്രകാരം ചെയ്തിട്ടില്ല. 2. മറ്റത്തൂർകുന്ന് നാളികേര വികസന ക്ലസ്റ്ററിന് വളം നൽകിയതിനുള്ള 34,000 രൂപ സബ്സിഡി തുകയുള്ള വെള്ളികുളങ്ങര സർവീസ് സഹകരണ ബാങ്കിന്റെ ബിൽ ഹാജരാക്കിയിട്ടില്ല. 3. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയിട്ടില്ല.4. ക്ലസ്റ്ററുകളിൽ ഉൾപ്പെട്ടവരുടെ പേര് വിവരം ലഭ്യമാക്കിയില്ല. 5. ഓരോ വാർഡുകളിലുമുള്ള തെങ്ങുകളുടെ എണ്ണം കണക്കിലെടുക്കാതെ എല്ലാ വാർഡുകൾക്കും തുല്യമായി 6800 കി.ഗ്രാം എല്ലുപൊടി വീതം വിതരണം ചെയ്തതിന്റെ കാരണം വിശദീകരിച്ചിട്ടില്ല. |
| | ആകെ | | 32,46,702 | |

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകുവാനും രേഖകൾ ഓഡിറ്റിൽ ഹാജരാക്കുവാനും ഓഡിറ്റ് അന്വേഷണം നമ്പർ 39/17.7.15 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും യാതൊരു നടപടിയും ലഭിച്ചില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 32,46,702 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-15 വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ – അപാകതകൾ

വെറ്ററിനറി സർജൻ നടപ്പാക്കിയ പദ്ധതികൾ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

| പ്രോജക്റ്റ് നമ്പർ | പ്രോജക്റ്റിന്റെ പേര് | ട്രഷറി ബിൽ നമ്പർ/തീയതി | തുക | അപാകതകൾ |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 298/14 | ആട് വളർത്തൽ പദ്ധതി | 6/27.3.14 | 1,05,000 | 1. എല്ലാ ഗുണഭോക്താക്കൾക്കും വേണ്ടി ആടുകളെ വാങ്ങുന്നതിനായി പദ്ധതി വിഹിതം ഗുണഭോക്താക്കളിൽ ഒരാളായ ഓമന സുബ്രൻ കാട്ടുങ്ങൽ എന്ന വ്യക്തിക്ക് നൽകി.2.ആടുകളെ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.3. പദ്ധതി വിഹിതം ആടുകളെ വിൽപന നടത്തിയ ആൾക്ക് നൽകിയില്ല.4.സബ്സിഡി മാർഗ്ഗരേഖ പ്രകാരം ഉരുക്കളെ 3 വർഷം വളർത്തുമെന്ന കരാർ വച്ചില്ല. |
| 287/14 | ആട് വളർത്തൽ പദ്ധതി (എസ്.സി.പി) | 4/27.3.14 | 33,000 | 1. ആടുകളെ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.2. ആടുകളെ വില്പന നടത്തിയ ആൾക്ക് തുക കൈമാറുന്നതിന് പകരം ഗുണഭോക്താക്കളിൽ ഒരാളായ ഓമന വിശ്വംഭരൻ എന്ന വ്യക്തിക്ക് പദ്ധതി വിഹിതം കൈമാറി.3. ഉരുക്കളെ 3 വർഷം വളർത്തുമെന്ന കരാർ വച്ചില്ല |
| 286/14 | കാട വളർത്തൽ പദ്ധതി | 3/23.3.14 | 5,500 | ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഹാജരാക്കിയില്ല. |
| 289/14 | എരുമ കിടാരി വിതരണം | 2/22.3.14<br>10/31.3.14 | 75,000<br>15,000 | 18 ഗുണഭോക്താക്കൾക്ക് 5000 രൂപ വീതം സബ്സിഡി തുക ഗുണഭോക്താക്കളിൽ ഒരാളായ ഭവാനി നാരായണൻ എന്നയാൾക്ക് നൽകി. ഉരുക്കളെ വാങ്ങിയതിന്റെ രേഖകൾ ഹാജരാക്കിയില്ല.കിടാരികളെ വില്പന നടത്തിയ ആൾക്കല്ല തുക കൈമാറിയത്. സബ്സിഡി അനുവദിച്ച സുജാത ദാമോദരൻ എന്ന വ്യക്തി ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. |
| ആകെ | | | 2,33,500 | |

മേൽപറഞ്ഞ അപാകതകൾക്ക് വിശദീകരണം നൽകുവാനും രേഖകൾ ഓഡിറ്റിൽ ഹാജരാക്കുവാനും ഓഡിറ്റ് അന്വേഷണം നമ്പർ 23/17.7.15 പ്രകാരം ആവശ്യപ്പെട്ടുവെങ്കിലും യാതൊരു മറുപടിയും ലഭിച്ചില്ല. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച 2,33,500 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മാത്രമല്ല, പശു, എരുമ കിടാരി, ആട് എന്നിവയെ വാങ്ങുന്നതിനുള്ള പ്രോജക്ടുകൾ പ്രകാരം യഥാർത്ഥത്തിൽ ഉരുക്കളെ വാങ്ങിയിട്ടുണ്ടോ എന്നതിനെക്കുറിച്ച് ഉന്നത തലത്തിലുള്ള അന്വേഷണത്തിനും ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## 3-16 ഐ.സി.ഡി.എസ്.സൂപ്പർവൈസർ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

| | | |
|---|---|---|
| പദ്ധതി | : | വയോജനക്ഷേമം |
| അടങ്കൽ | : | 299200 രൂപ |
| പ്രോജക്ട് നം. | : | S-0319/14 |
| ഭരണാനുമതി നം. | : | 1/12.06.13 |
| ബിൽ നം. | : | 13/13-14/11.02.14 |
| തുക | : | 275520 രൂപ |

ഈ പദ്ധതി പ്രകാരം , വയോജനസംഗമം, വയോജനക്ലബ്ബുകൾക്ക് കസേരവിതരണം, മുതിർന്ന പൗരന്മാരെ ആദരിക്കൽ എന്നിവയ്ക്കായി 275570രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് നം.ജി.ഒ.(എം.എസ്) നം.248/2012 ത സ്വ ഭ വ /29.09.12 പ്രകാരം ഉത്പാദനപരമല്ലാത്ത മേളകൾ, ആദരിക്കൽ വസ്തു എന്നിവ അനുവദനീയമല്ല. ആദരിക്കൽ,വസ്തു ഇവക്കായി ചെലവഴിച്ച 113420രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.(എൻക്വയറി നം.33/17.07.15)

## 3-17 45-ാം നമ്പർ അംഗൻവാടി കെട്ടിടം-കരുന്നു കുട്ടികളുടെ ജീവന ഭീഷണി.

2013-14 സാമ്പത്തിക വർഷത്തെ ഓഡിറ്റുമായി ബന്ധപ്പെട്ട് 22-ാം വാർഡിലെ തേവർപ്പാടം അംഗൻവാടി നമ്പർ 45 17.7.2015 ന് സ്ഥലപരിശോധന നടത്തുകയുണ്ടായി.

ജീർണ്ണിച്ച് ഏതു നിമിഷവും നിലം പൊത്താവുന്ന ഒരു മൺകൂരയിലാണ് 45-ാം അംഗൻവാടി പ്രവർത്തിച്ചുവരുന്നത്. (17.7.15 ന് ഈദ് അവധിയായതിനാൽ കുട്ടികൾ ആരും തന്നെ അംഗൻവാടിയിൽ ഹാജരായിരുന്നില്ല.) ഒരു ഭാഗത്തെ ചുമർ തകർന്നു വീണിട്ടുള്ളതിനാൽ ഒരു പഴയസാരികൊണ്ട് ഈ ഭാഗം മറച്ചിട്ടുണ്ട്. തുറന്നു കിടക്കുന്ന ഈ ഭാഗത്തിലൂടെ ഇഴജന്തുക്കളും ക്ഷുദ്രജീവികളും പ്രവേശിച്ച് കുട്ടികൾക്ക് ആപത്ത് സംഭവിയ്ക്കാനുള്ള സാധ്യത ഏറെയാണ്. ജീർണ്ണിച്ച കെട്ടിടം കുട്ടികളുടെ ജീവനുതന്നെ ഭീഷണിയാണ്.

ഫോട്ടോ അനുബന്ധം 1 ആയി ചേർത്തിരിയ്ക്കുന്നു.

അംഗൻവാടി നിർമിയ്ക്കുന്നതിന് മറ്റത്തൂർ വില്ലേജ് സർവ്വെ 1018/2 ൽ ശ്രീ. മാധവൻ അരിക്കാട്ട് എന്നയാൾ സ്ഥലം വിട്ടു നൽകിയിരുന്നു. ഈ സ്ഥലത്ത് അംഗൻവാടി നിർമിയ്ക്കുന്നതിനുള്ള ഗ്രാമപഞ്ചായത്ത് നടത്തിയ ശ്രമം ശ്രീ.മാധവനും, അദ്ദേഹത്തിന്റെ സഹോദരന്മാരും തടഞ്ഞതിനെ തുടർന്ന് 05.03.2013 ലെ 8(49/2013) പഞ്ചായത്തു കമ്മിറ്റി തീരുമാന പ്രകാരം നിയമപരമായതുൾപ്പെടെയുള്ള നടപടികൾ സ്വീകരിയ്ക്കുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ ചുമതലപ്പെടുത്തുകയുണ്ടായി.

ഇക്കാര്യത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിച്ച നടപടികൾ വിശദീകരിയ്ക്കുന്നതിന് ഓഡിറ്റ് എൻക്വയറി നം.41 തിയ്യതി 20.07.15 പ്രകാരം ആവശ്യപ്പെട്ടിരുന്നെങ്കിലും മറുപടി ലഭ്യമാക്കുകയുണ്ടായില്ല.

ശ്രീ.മാധവൻ, അരിക്കാട്ട് വിട്ടുനല്കിയ ഭൂമി കൈമാറ്റം ചെയ്തിട്ടുള്ളതായി 17.7.15 ൽ നടന്ന സ്ഥലപരിശോധനയിൽ പരിസരവാസികളിൽ നിന്ന് അറിയുവാൻ സാധിച്ചു. ശ്രീ.മാധവൻ അരിക്കാട്ട് നൽകിയ ലാന്റ് റിലിങ്ക്വഷ്മെന്റ് റവന്യു അധികാരികൾക്ക് ഹാജരാക്കി മേൽനടപടികൾ സ്വീകരിക്കാതിരുന്നതിനാലാണ് ഇപ്രകാരം ഭൂമികൈമാറ്റം നടത്തുന്നതിന് സാധ്യമായതെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

അപകടകരമായ സാഹചര്യത്തിൽ ഇപ്പോൾ പ്രവർത്തിച്ചുവരുന്ന അംഗൻവാടി ഉടൻതന്നെ അനുയോജ്യമായ മറ്റൊരു കെട്ടിടത്തിലേയ്ക്ക് മാറ്റേണ്ടതാണ്. പുതിയ സ്ഥലം കണ്ടെത്തി 45-ാം നമ്പർ അംഗൻവാടിയ്ക്ക് കെട്ടിടം പണിയേണ്ടതും ഗ്രാമപഞ്ചായത്തിന് വിട്ടുനല്കിയ ഭൂമി മറ്റൊരാൾക്ക് വിൽപ്പന നടത്തിയ ശ്രീ മാധവൻ അരിക്കാട്ട് എന്നയാൾക്കെതിരെ നടപടികൾ സ്വീകരിക്കേണ്ടതുമാണ്. (മേൽ സംഗതി 07.08.15ൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറെ പ്രത്യേക കത്തു മുഖേന അറിയിച്ചിട്ടുണ്ട്.)

## 3-18 വി.ഇ.ഒ നടപ്പിലാക്കിയ പദ്ധതികളിലെ അപാകതകൾ

ഓട്ടോ/പിക്ക്അപ്പ് വാൻ.എസ്.സി S-0112/14,അടങ്കൽ:500000

മുന്ന്ഗുണഭോക്താക്കൾക്ക് ഓട്ടോ/പിക്കപ്പ് വാൻ വാങ്ങിക്കുന്നതിനുള്ള സബ്സിഡി തൃശ്ശൂർജില്ലാ ഓട്ടോറിക്ഷാത്തൊഴിലാളി SC സഹകരണസംഘം R-333ന് താഴെപ്പറയും വിധം നൽകിയിട്ടുണ്ട്

| ക്രമനം | ട്രഷറി ബിൽനം. | തുക | ഡിഡിനം |
|---|---|---|---|
| 1 | 1/13-14/4.1.14 | 100000 | 794060/7.1.14 |
| 2 | 4/13-14/ | 50000 | 987646/7.3.14 |

ഇതിൽ സർക്കാർ ജീവനക്കാരൻ കുടുംബാംഗമായിട്ടുള്ളതും പ്രതിമാസവരുമാനം 5000രൂപയിൽ അധികമുള്ളതുമായ പി.വി.പവനൻ ,പതിയാടൻ എന്ന ഗുണഭോക്താവിന് (ക്രമനമ്പർ 1ലെ ഒരു ഗുണഭോക്താവ്)സർക്കാർ ഉത്തരവ് 248/2012തസ്വഭവ /29.09.12 പ്രകാരം സബ്സിഡിക്ക് അർഹതയില്ലാത്തതാണ്.ആയതിനാൽ ഈ തുക ഈടാക്കി സർക്കാർഫണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.50000 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

കൂടാതെ താഴെപ്പറയുന്ന കാരണങ്ങളാൽ 100000/- രൂപ തടസ്സപ്പെടുത്തുന്നു.

i)വാഹനങ്ങൾ ഗുണഭോക്താക്കളായ ടി.എസ്. ദീപക്, തേവർപാടം, കെ.കെ.ഷിജിലൻ, കുറുവത്ത്, പേരിൽ രജിസ്ററർ ചെയ്തിട്ടില്ല.(പ്രസിഡണ്ട്,തൃശ്ശൂർ ജില്ലാ ഓട്ടോറിക്ഷാത്തൊഴിലാളി SCസഹകരണസംഘം R-333ന്റെ പേരിലാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്)

ii)അപേക്ഷകളോടൊപ്പം ഹാജരാക്കിയിട്ടുള്ളതും നിർവ്വഹണഉദ്യോഗസ്ഥനും ഗുണഭോക്താവും ഒപ്പിട്ടിട്ടുള്ളതുമായ മുദ്രപത്രത്തിൽ കരാർവ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടില്ല.

iii)ഗുണഭോക്താക്കളുടെ ലോൺപാസ്ബുക്ക് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. (ഓഡിറ്റ്എൻക്വയറിനം.18/16-7-15)

## 3-19 ശാന്തിനഗർ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ

| | |
|---|---|
| പ്രൊജക്റ്റ് നം. | 197/14 ശാന്തിനഗർ L I |
| അടങ്കൽ: | വികസന ഫണ്ട് (പൊതുവിഭാഗം) ₹65,000- |
| ജില്ലാ പഞ്ചായത്ത് വിഹിതം | ₹2,60,000- |
| ഗുണഭോക്തൃ വിഹിതം | ₹37,000- |
| ആകെ | ₹3,62,000- |
| ഭരണാനുമതി- | DPC 900/13 ROI DPM തി. 12-8-13 |
| സാങ്കേതികാനുമതി- | 358/AEE LSGD KDA BP 12-13 തി.28-1-13 |
| കരാർ നം. | 87/AE LSGD MTR GP തി.5-3-13 |
| ഗുണ. സമിതി ചെയർമാൻ | ശ്രീ. ക്ലെജോ കറിച്ചിപ്പറമ്പിൽ . |
| കൺവീനർ | ശ്രീ. വിപിൻ കല്ലും പുറം |
| അളവുപുസ്തകം നം. | 16/13-14 |
| വൗ. നം. | 1024-ഡിസംബർ 2013 തി.19-12-2013 ₹75,506- |
| ചെക്ക.നം. | 301016 തി. 20-12-13 ₹75,506- |

ശാന്തിനഗർ ലിഫ്റ്റ് ഇറിഗേഷൻ 1-3-2015 ന് ഉദ്ഘാടനം ചെയ്യുകയുണ്ടായി. മേൽപ്രകാരം ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട അപാകതകൾ താഴെ ചേർക്കുന്നു. ( 1) മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ₹65,000- (ഡി.ഡി. നം. 98432 തി.31-3-12 ) ഗുണഭോക്തൃസമിതിക്ക് നൽകിയിരുന്നു. ഓഡിറ്റ് കാലയളവിൽ ഫസ്റ്റ് & പാർട്ട് ബില്ലിൽ നിന്ന് മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ₹32,500- ഈടാക്കിയിട്ടുണ്ട്.2014-15 കാലയളവിൽ ₹14,550- കൂടി കൺവീനർക്ക് നല്കി ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പൂർത്തീകരിക്കുകയുണ്ടായി എങ്കിലും മൊബിലൈസേഷൻ ഇനത്തിൽ ₹32,500-ഈടാക്കാനായി ഇനിയും അവശേഷിക്കുന്നുണ്ട്. (2) പദ്ധതി ആസൂത്രണ മാർഗ്ഗരേഖ സ.ഉ. (എം.എസ്.)362/2013 ത.സ്വ.ഭ.വ തി.16-11-2013 ഖണ്ഡിക 7. 16 സബ്സിഡി മാർഗ്ഗരേഖ സ.ഉ.(എം. എസ്.)248/2012 ത.സ്വ.ഭ.വ തി.29-9-12 ഖണ്ഡിക 7. 15 എന്നിവ പ്രകാരം ജലസേചന പ്രവൃത്തികൾക്ക് 10% ഗുണ.വിഹിതം പിരിച്ചതിനു ശേഷം മാത്രമാണ് പദ്ധതി വിഹിതം ചെലവിടേണ്ടത്. മേൽകാര്യത്തിൽ ഗുണഭോക്തൃ വിഹിതമിനത്തിൽ ₹37,000-ഈടാക്കേണ്ടതുണ്ടായിരുന്നുവെങ്കിലും ₹12,000- മാത്രമാണ് ഈടാക്കിയിട്ടുള്ളത്. (3) പ്രൊജക്റ്റ് പ്രകാരം 140 എം.എം. പൈപ്പ് 250 മീ. സ്ഥാപിക്കേണ്ടതുണ്ടായിരുന്നുവെങ്കിലും 132 മീ. പൈപ്പ് മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. പ്രൊജക്റ്റിൽ വിഭാവനം ചെയ്തതുപോലെ വിപുലീകരണം നടന്നിട്ടില്ലായെന്ന് വ്യക്തമാണ്.

അപാകതകൾക്ക് വിശദീകരണം നൽകേണ്ടതും മൊബിലൈസേഷൻ അഡ്വാൻസ് ഇനത്തിൽ ₹32,500/- ഗുണഭോക്തൃ വിഹിതമിനത്തിൽ ₹25,000- എന്നിങ്ങനെ ഗുണഭോക്തൃ സമിതിയിൽ നിന്ന് ഇനിയും ലഭിക്കേണ്ട തുക ഈടാക്കേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി നം.40 തിയ്യതി 20.07.15 )

## 3-20 നെയ്ത്തുകേന്ദ്രം മെയിന്റനൻസ്- സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായി അനാവശ്യചെലവ്.

| | |
|---|---|
| പ്രൊജക്റ്റ് നം. | 142/14 മാങ്കുറ്റിപ്പാടം ഖാദി ബോർഡ് മെയിന്റനൻസ് |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

| | |
|---|---|
| അടങ്കൽ | ₹ 300000 (സംരക്ഷണ ഗ്രാന്റ്-റോഡിതരം) |
| ഭരണാനുമതി | DPC 900/13 ROI DPM തിയതി 12.08.2013 |
| സാങ്കേതികാനുമതി | 554/AEE LSGD KDA BP തിയതി 30.12.2013 |
| കരാർ നം. | 126/AE LSGD MTR GP തിയതി 13.02.2014 |
| കരാറുകാരൻ | ശ്രീ. ഒ.ജെ വിൽസൺ |
| അളവുപുസ്തകം നം. | 110/13-14 വൗ. നം.196/13-14 |
| | ₹ 273092 തിയതി 31.03.2014 |

ഖാദിഗ്രാമവ്യവസായ ബോർഡിന്റെ കീഴിലുള്ള മാങ്കുറ്റിപ്പാടം ഖാദിബോർഡ് നെയ്ത്തുകേന്ദ്രത്തിൽ ഫാൾസ് സീലിങ് , എക്സ്ഹോസ്റ്റ് ഫാൻ എന്നിവ സ്ഥാപിക്കുന്നതിന് ഓഡിറ്റ് കാലയളവിൽ തുക ചെലവഴിച്ചിട്ടുണ്ട്. ഇക്കാര്യത്തിലുള്ള അപാകതകൾ താഴെ ചേർക്കുന്നു.

1) സ.ഉ (എം.എസ്) 330/2004 ത.സ്വ.ഭ.വ തിയതി 9.12.2004 പ്രകാരം ത.സ്വ.ഭ.വ സ്ഥാപനങ്ങൾക്ക് വിട്ടുകിട്ടിയിട്ടുള്ള സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾക്കാണ് സംരക്ഷണഗ്രാന്റ് വിനിയോഗിക്കേണ്ടത്. മേൽക്കാര്യത്തിൽ ഖാദിഗ്രാമവ്യവസായ ബോർഡിന്റെ കീഴിലുള്ള നെയ്ത്തുകേന്ദ്രത്തിന് വേണ്ടിയാണ് സംരക്ഷണഗ്രാന്റ് വിനിയോഗിച്ചിട്ടുള്ളത്.

2) സ.ഉ (എം.എസ്)248/2012 ത.സ്വ.ഭ.വ തിയതി. 29.9.2012 എന്നിവയുടെ അടിസ്ഥാനത്തിൽ താഴെ ചേർത്തിരിക്കുന്നത് പ്രകാരം പ്രവൃത്തികൾക്ക് പദ്ധതിപണം ഉപയുക്തമാക്കി സബ്സിഡി നൽകാവുന്നതാണ്.

1. നിലവിലുള്ള യൂണിറ്റുകളുടെ വിപുലീകരണം

2. തൊഴിൽ സാധ്യത വർദ്ധിപ്പിക്കാനുള്ള യൂണിറ്റുകൾ

3. വർക്ക് ഷെഡുകൾ,വിപണനകേന്ദ്രങ്ങൾ എന്നിങ്ങനെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തൽ

4. യന്ത്രസാമഗ്രികളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിന്

സബ്സിഡി തുക,ത.സ്വ.ഭവ സ്ഥാപനത്തിന്റെ ഉടമസ്ഥതയിലുള്ള സ്ഥലമാണെങ്കിൽ 100% അല്ലാത്ത സംഗതിയിൽ മൂന്നിലൊരു ഭാഗത്തിൽ അധികരിക്കുവാൻ പാടുള്ളതല്ലായെന്നും വ്യവസ്ഥചെയ്യുന്നു.

പദ്ധതിപണത്തിന് പകരം നോൺറോഡ് സംരക്ഷണഗ്രാന്റ് വിനിയോഗിച്ചിട്ടുള്ള സാഹചര്യത്തിലും അടിസ്ഥാന സൗകര്യ വികസനത്തിനുപകരം അറ്റകുറ്റപ്പണികൾ മാത്രമായതിനാലും സ.ഉ (എം.എസ്) 248/2012 ത.സ്വ.ഭ.വ തിയതി.29.9.12 ഇക്കാര്യത്തിൽ ബാധകമല്ല.

3)17.7.2015 ൽ നെയ്ത്തുകേന്ദ്രത്തിൽ സ്ഥലപരിശോധന നടത്തുകയുണ്ടായി. വൈദ്യുതി ഇല്ലാതിരുന്ന സമയമായിരുന്നതിനാലും ഫാൾസ് സീലിങ് ചെയ്ത് മേൽക്കൂരയുടെ ഉയരം കുറഞ്ഞിട്ടുള്ള സാഹചര്യത്തിലും നൂൽനിർമ്മാണ യന്ത്രത്തിനോട് ചേർന്നുള്ള ഫർണ്ണസിൽ നിന്നുള്ള പുക ഹാളിൽ നിറഞ്ഞ് ശ്വസനത്തിനുപോലും ബുദ്ധിമുട്ടുണ്ടാവുകയും പരസ്പരം കാണുന്നതിനുപോലും സാധ്യമല്ലാത്ത സാഹചര്യം സൃഷ്ടിക്കപ്പെട്ടിട്ടുള്ളതായും കണ്ടു. ഏതുതരം വർക്ക ഷെഡുകളിലും ഉയർന്ന മേൽക്കൂര വേണമെന്നത് ' സാമാന്യജ്ഞാനം' മാത്രമായിരിക്കെ മേൽപ്രകാരം ഫാൾസ് സീലിങ് ചെയ്ത് മേൽക്കൂരയുടെ ഉയരം കുറച്ചിട്ടുള്ളത് ഒരു കാരണവശാലും ന്യായീകരിക്കുന്നതല്ല. ആസ്ബറ്റോസ് മേഞ്ഞിട്ടുള്ള വർക്ക്ഷെഡ് ആരോഗ്യപ്രശ്നങ്ങൾക്കിട വരുമെന്നതിനാലാണ് ഫാൾസ് സീലിങ് ചെയ്തതെന്ന് മേൽക്കാര്യവുമായി ബന്ധപ്പെട്ട ഓഡിറ്റ് എൻക്വയറിക്ക് മറുപടി നല്കുകയുണ്ടായി. ആസ്ബറ്റോസ് ഷീറ്റ് ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നതിനാൽ മേൽക്കൂര മാറ്റുന്നതിന് പകരം വർക്ക്ഷെഡിന് അനുയോജ്യമല്ലാത്ത രീതിയിൽ ഫാൾസ് സീലിങ് ചെയ്ത് മേൽക്കൂരയുടെ ഉയരം കുറച്ചിട്ടുള്ളത് ശരിയല്ല.

പദ്ധതിപണം എങ്ങനെയും ചെലവുചെയ്യുന്നതിനുള്ള ശ്രമമായി മേൽപ്രകാരം പ്രവൃത്തിയെ ഓഡിറ്റിൽ വിലയിരുത്തുന്നു. ഈയിനത്തിൽ 273092 ചെലവു ചെയ്തത് തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 40 തിയ്യതി 20.07.2015)

3-21 വിഷയാധിഷ്ഠിത അവലോകനം-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്തൃതെരെഞ്ഞെടുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്തൃതെരെഞ്ഞെടുപ്പ്

## <u>സംസ്ഥാനതല വിഷയാധിഷ്ഠിത അവലോകനം</u>

## <u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഗുണഭോക്തൃതെരെഞ്ഞെടുപ്പ്</u>

പന്ത്രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഗുണഭോക്താക്കളെ ലക്ഷ്യമാക്കി നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ

| വിഭാഗം | വർഷം | പദ്ധതികൾ | | വകയിരുത്തിയ തുക | | | | ചെലവഴിച്ച തുക | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | എണ്ണം | നടപ്പിലാക്കി | സ്ഥാപന വിഹിതം | ഗുണ ഭോക്തൃ വിഹിതം | മറ്റ് സ്ഥാപന | ആകെ | സ്ഥാപന വിഹതം | ഗുണ ഭോക്തൃ വിഹിതം | മറ്റ് സ്ഥാപന | ആകെ |

| | | | യത് | ഫണ്ട് തരം | | ങ്ങളുടെ വിഹിതം | | ഫണ്ട് തരം | | ങ്ങളുടെ വിഹിതം | |
|---|---|---|---|---|---|---|---|---|---|---|---|
| ജനറൽ | 12-13 | 12 | 10 | 5165690 | 993760 | 700000 | 6859350 | 4223000 | 993760 | 700000 | 5916760 |
| | 13-14 | 11 | 10 | 5085600 | 3401600 | 750000 | 9237200 | 4457348 | 3201598 | 750000 | 8408946 |
| | 14-15 | 12 | 11 | 4204000 | 2544000 | 400000 | 7148000 | 4148998 | 1615500 | 400000 | 6164498 |
| വനിത | 12-13 | 10 | 8 | 2889000 | | | 2889000 | 1942250 | | | 1942250 |
| | 13-14 | 12 | 10 | 3485750 | | | 3485750 | 2750610 | | | 2750610 |
| | 14-15 | 7 | 7 | 6588000 | | | 6588000 | 4593500 | | | 4593500 |
| പട്ടിക ജാതി | 12-13 | 7 | 6 | 5024000 | | | 5024000 | 3057250 | | | 3057250 |
| | 13-14 | 10 | 8 | 7071750 | 1280710 | | 8352460 | 5197360 | 1280710 | | 6478070 |
| | 14-15 | 15 | 14 | 4000000 | | | 4000000 | 3426500 | | | 3426500 |
| പട്ടിക വർഗ്ഗം | 12-13 | 1 | 1 | 400000 | | | 400000 | 175000 | | | 175000 |
| | 13-14 | 0 | 0 | 0 | | | 0 | 0 | | | 0 |
| | 14-15 | 1 | 1 | 100000 | | | 100000 | 43890 | | | 43890 |
| വൃദ്ധർ | 12-13 | 0 | 0 | 0 | | | 0 | 0 | | | 0 |
| | 13-14 | 1 | 1 | 299200 | | | 299200 | 299200 | | | 299200 |
| | 14-15 | 1 | 1 | 300000 | | | 300000 | 300000 | | | 300000 |
| ഭിന്ന ശേഷി യുള്ളവർ, കുട്ടികൾ | 12-13 | 3 | 3 | 852000 | | 100000 | 952000 | 512000 | | 100000 | 612000 |
| | 13-14 | 3 | 3 | 937612 | | 300000 | 1237612 | 937557 | | 280000 | 1217557 |
| | 14-15 | 2 | 2 | 760000 | | 400000 | 1160000 | 759998 | | 400000 | 1159998 |

മറ്റത്തൂർ ഗ്രാമപഞ്ചായത്തിൽ പദ്ധതികളെക്കുറിച്ചുള്ള അർഹതാ-മുൻഗണനാ മാനദണ്ഡങ്ങൾ വാർഡ്തലത്തിൽ പരസ്യപ്പെടുത്തുന്നുണ്ട്.
വ്യക്തിഗതാനുകൂല്യത്തിനുള്ള നിശ്ചിത അപേക്ഷാഫോറത്തിന്റെ കൂടെത്തന്നെ ഈ മാനദണ്ഡങ്ങൾ വിതരണം ചെയ്യാറുണ്ട്.

ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനായി വാർഡ്തലത്തിൽ അപേക്ഷ ക്ഷണിക്കുന്നു.

ഗുണഭോക്താക്കളെ തെരെഞ്ഞെടുക്കുന്നതിനായി കുടുംബശ്രീകളുടെ സഹായം തേടുന്നുണ്ട്.

ലഭിക്കുന്ന അപേക്ഷകളിൽ അന്വേഷണം നടത്തുന്നുണ്ട്.

അപേക്ഷകൾ പരിശോധിക്കുന്നതിന് വാർഡ് തലത്തിൽ പരിശോധനാസംവിധാനം രൂപീകരിച്ചിട്ടുണ്ട്.

മുൻഗണനാമാനദണ്ഡത്തിൽ പരസ്യപ്പെടുത്തിയത് പ്രകാരമുള്ള വേയ്റ്റേജ് മാർക്കിന്റെ അടിസ്ഥാനത്തിലാണ് ഗുണഭോക്താക്കളെ നിശ്ചയിക്കുന്നത്.

നിരസിച്ച അപേക്ഷകളിൽ അതിനുള്ള കാരണങ്ങൾ രേഖപ്പെടുത്തി ഗ്രാമസഭകളിൽ അംഗീകരിക്കുന്നു.

ഗുണഭോക്താക്കൾക്ക് ലഭിച്ച മാർക്കുകൾ ടാബുലാർഫോമിൽ തയ്യാറാക്കുന്നുണ്ട്.

ലഭിച്ച അപേക്ഷകൾ വാർഡ്തലകമ്മിറ്റി പരിശോധിച്ച് മാർക്കിട്ട് മുൻഗണന നിശ്ചയിച്ചാണ് ഗ്രാമസഭകളിൽ ഗുണഭോക്താക്കളുടെ പേരുവിവരം അവതരിപ്പിക്കുന്നത്.

പദ്ധതികൾക്കായുള്ള ഗുണഭോക്താക്കളുടെ മാനദണ്ഡങ്ങൾ പ്രത്യേകമായി ഗ്രാമസഭകളിൽ ചർച്ചചെയ്യുന്നു.

അപേക്ഷകരെ കൂടി ക്ഷണിച്ചാണ് ഗ്രാമസഭ ഗുണഭോക്താക്കളെ തെരെഞ്ഞടുക്കുന്നത്.

ഗ്രാമസഭ,വാർഡ് കമ്മിറ്റികൾ ഗുണഭോക്തൃലിസ്റ്റ് മുൻഗണനാക്രമത്തിൽ തയ്യാറാക്കിയാണ് ഗ്രാമപഞ്ചായത്തിന് നൽകുന്നത്.

ഗ്രാമസഭ തെരെഞ്ഞെടുത്ത ഗുണഭോക്തൃലിസ്റ്റ് തന്നെയാണ് മറ്റ് ഏജൻസികൾക്ക് കൈമാറുന്നത്.

ഭിന്നശേഷായുള്ളവരുടെ പദ്ധതികളെക്കുറിച്ച് ഗ്രാമസഭയിൽ പ്രത്യേകം ഗ്രൂപ്പ് തിരിഞ്ഞ് ചർച്ച നടത്തുന്നു. വാർഡ്തലഗ്രാമസഭകൾക്ക് ശേഷം ഭിന്നശേഷിയുള്ളവരുടെ പദ്ധതികൾക്ക് അന്തിമ രൂപം നൽകുന്നതിനായി പഞ്ചായത്ത് തലത്തിൽ ഒരു ഏകദിനയോഗം വിളിച്ചുചേർക്കുന്നു.

പ്രത്യേകപരിഗണന അർഹിക്കുന്നവരുടെ പദ്ധതികൾക്ക് പ്രത്യേകം ഗ്രാമസഭ ചേരുന്നില്ല.

## ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്റ്റിന്റെ പേര് | ചെലവ് | ബാലൻ |
|---|---|---|---|---|---|
| | | | | | |

| | | | | | |
|---|---|---|---|---|---|
| | | | | | സ് |
| കൊടകര ബ്ലോക്ക് | 2013-14 | 700000 | സംയോജിത കൃഷിവികസന പദ്ധതി(18/14) | 700000 | 0 |
| കൊടകര ബ്ലോക്ക് | 2013-14 | 50000 | പച്ചക്കറി വികസനം (67/14) | 50000 | 0 |
| കൊടകര ബ്ലോക്ക് | 2013-14 | 180000 | ശാരീരിക മാനസിക വെല്ലുവിളി സ്കോളർഷിപ്പ് (124/14) | 180000 | 0 |
| ജില്ലാ പഞ്ചായത്ത് | 2013-14 | 100000 | " | 100000 | 0 |
| " | " | 248118 | സമഗ്രകായിക പരിശീലനം സ്പോർട്ട്സ് കിറ്റ് വിതരണം (175/14) | 248118 | 0 |
| കൊടകര | " | 100000 | കട്ടിയമ്പലം വെട്ടികുഴപ്പാട്ടം റോഡ് (37/14) | | 100000 |
| " | " | 200000 | കിഴക്കേകോടാലി അമ്പനോളി റോഡ് (40/14) | | 200000 |
| ജില്ലാപഞ്ചായത്ത് | " | 500000 | " | | 500000 |
| " | " | 200000 | ആനേശ്വരം പാലം നെല്ലിപ്പറമ്പ് റോഡ് ( 87/14) | | 200000 |
| " | " | 300000 | ഇത്തുപ്പാടം സെന്റർ റോഡ് | | 300000 |
| " | " | 300000 | ചെമ്പുചിറ പുഞ്ചപ്പാടം റോഡ്(96/14) | | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | " | 180000 | ചെട്ടിയാൽ ഭഗവതി ക്ഷേത്രം റോഡ് | | 180000 |
| ജില്ലാപഞ്ചായത്ത് | " | 300000 | മറ്റത്തൂർകുന്ന് താഴത്ത റോഡ് | | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | " | 200000 | ചുങ്കാൽ കപ്പേള റോഡ് | 129899 | 70101 |
| " | " | 150000 | മോനൊടി മാവേലിപ്പടി കനാലിനരുകെ നടപ്പാലം | 146792 | 3208 |
| " | " | 200000 | ഇഞ്ചക്കുണ്ട് ഹുണ്ടിക്കവല റോഡ്(285/14) | 200000 | |

| | | | | | |
|---|---|---|---|---|---|
| " | " | 150000 | പത്തുകളങ്ങര റോഡ് റീടാറിങ്ങ്(314) | 150000 | |
| " | " | 300000 | കാവനാട് എൽ.എം.(275) | 100000 | 200000 |
| ജില്ലാപഞ്ചായത്ത് | " | 450000 | കാവനാട് എൽ.എം.(274/14) | 165082 | 284918 |
| ആകെ | | 4808118 | | 2169891 | 2638227 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴി ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പട്ടികവർഗ്ഗ കോളനികളിലേക്ക് സ്ട്രീറ്റ് ലൈൻ വലിക്കൽ | ബിൽ നം. 15/13-14 തിയ്യതി 11.09.13 | 180150 | 180150 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് 162500 രൂപ നൽകിയിട്ടുണ്ട്.

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം/ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| 1 | ദിനേഷ് എൻ.ആർ | കാവനാട് എൽ.ഐ | 301599/ 14.06.13 | 100000 | 100000 | 0 |
| 2 | സജീവൻ പി.ആർ | കൊരേച്ചാൽ എൽ.ഐ | 793898/ 31.12.13 | 62500 | 62500 | 0 |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ് ഭവനപദ്ധതി | 32661/DB1/09/ തസ്വഭവ, 16-6-2009 | 7500000 | 5250000 | 1500000 | | 3750000 |

| | | | | | | |
|---|---|---|---|---|---|---|
| ഹഡ്കോ യിൽ നിന്നുള്ള വായ്പ | സ.ഉ.നം. 319/04/ ത.സ്വ.ഭ.വ/ 26.11.15 | 13373200 | 16408692 | 2284595 | | 14124097 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 720349 |
| തൻവർഷം നിക്ഷേപിച്ച തുക | 63321 |
| ആകെ | 783670 |
| തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 783670 |

(F.D.No.10799904886 TDCB, കൊടകര 761170

ഷെയർ സർട്ടിഫിക്കറ്റ് 22510

(മുകുന്ദപുരം താലൂക്ക് മൾട്ടിപർപ്പസ് വനിത ഇൻഡസ്ട്രിയൽ ----------

കോർപ്പറേറ്റീവ് സൊസൈറ്റി) 783670

=====

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ വരവില്ല.

## 4-7 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 119096837 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 118308450 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 9670 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക . | : | 118110 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 5747180 |

(ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3(2) | 9670 | | ടി.ആർ.പ്രിയൻ<br>സെക്രറി |
| 3-5 | | 22630 | ജ്യോതിഷ്കുമാർ.കെ.വി,<br>സെക്രട്ടറി |
| 3-9 | | 19000 | ജ്യോതിഷ്കുമാർ.കെ.വി,<br>സെക്രട്ടറി |
| 3-11 | | 26480 | ജ്യോതിഷ്കുമാർ.കെ.വി,<br>സെക്രട്ടറി |
| 3-18 | | 50000 | അഭിലാഷ് മോഹൻ, വി.ഇ.ഒ |
| | 9670 | 118110 | |

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-6 | 289786 | ജ്യോതിഷ്കുമാർ.കെ.വി,<br>സെക്രട്ടറി |
| 3-8 | 517910 | ജ്യോതിഷ്കുമാർ.കെ.വി,<br>സെക്രട്ടറി |
| 3-10 | 221770 | ജ്യോതിഷ്കുമാർ.കെ.വി,<br>സെക്രട്ടറി |
| 3-11 | 126000 | ജ്യോതിഷ്കുമാർ.കെ.വി,<br>സെക്രട്ടറി |
| 3-12 | 50000 | ജോസ് മാത്യു HM,GUPS |
| 3-13 | 575000 | Dr.രാജീവ്<br>വെറ്ററിനറി സർജൻ |
| 3-14 | 3246702 | ബോബൻ പോൾ, കൃഷിഓഫീസർ |
| 3-15 | 233500 | Dr.രാജീവ്<br>വെറ്ററിനറി സർജൻ |
| 3-16 | 113420 | പി.ആർ.സതി,ICDS സൂപ്പർവൈസർ |
| 3-18 | 100000 | അഭിലാഷ് മോഹൻ, വി.ഇ.ഒ |
| 3-20 | 273092 | ഷാജി.യു.വി |

| | | |
|---|---|---|
| | | AE,LSGD |
| | 5747180 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

2-9,3-13

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ജ്യോതിഷ്കുമാർ.കെ.വി.<br>സെക്രട്ടറി | സെക്രട്ടറി.<br>മറ്റത്തൂർ ഗ്രാമപഞ്ചായത്ത് | കിഴക്കൂടൻ വീട്. പൂക്കോട്,വരാക്കര.പി.ഒ<br>തൃശ്ശൂർ ജില്ല |
| അഭിലാഷ് മോഹൻ, വി.ഇ.ഒ | വി.ഇ.ഒ | അശ്വതി നിവാസ്,<br>ചെങ്ങാലൂർ.പി.ഒ<br>തൃശ്ശൂർ ജില്ല |
| ടി.ആർ.പ്രിയൻ.<br>സെക്രട്ടറി | | തോട്ടത്തിൽ വീട്<br>നെട്ടിശ്ശേരി. മണ്ണുത്തി.p.o<br>തൃശ്ശൂർ ജില്ല |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1970-71 | | |
| 1974-75 | | |
| 1982-83 | | |
| 1983-84 | | |

| | | |
|---|---|---|
| 1984-85 | | |
| 1985-86 | | |
| 1986-87 | | |
| 1987-88 | | |
| 1988-89 | | |
| 1989-90 | | |
| 1990-91 | | |
| 1991-92 | | |
| 1992-93 | | |
| 1993-94 | | |
| 1994-95 | എൽ.എഫ്.ടി(എസ്.2)826/2011 തീയതി 28.10.2011 | |
| 1995-96 | എൽ.എഫ്.ടി 9-897/02<br>തീയതി 17.10.02 | |
| 1996-97<br>(ചെലവ്) | എൽ.എഫ്.ടി 8-1008/98<br>തീയതി 20.03.99 | |
| 1996-97<br>(വരവ്) | എൽ.എഫ്.ടി 9-918/02<br>തീയതി 17.10.02 | |
| 1997-98<br>(ചെലവ്) | എൽ.എഫ്.ടി 9-1007/98<br>തീയതി 18.3.99 | |
| 1997-98<br>(വരവ്) | എൽ.എഫ്.ടി 9-891/02<br>തീയതി 17.10.02 | |
| 1998-99<br>ചെലവ് | എൽ.എഫ്.ടി 16-661/00<br>തീയതി 16-06-06.. | |
| 1998-99<br>വരവ് | എൽ.എഫ്.ടി 9-16/09<br>തീയതി 26-12-09 | |
| 1999-00 | എൽ.എഫ്.ടി 9-17/09<br>തീയതി 26-12-09 | |
| 2000-01,2001-02<br>ജനകീയാസൂത്രണം | എൽ.എഫ്.ടി 9-1754/03<br>തീയതി 01-10-04/23-12-04 | |
| 2000-01 | എൽ.എഫ്.ടി 9-18/09<br>തീയതി 26-12-09 | |
| 2001-02 | എൽ.എഫ്.ടി 9-10/09<br>തീയതി 26-12-09 | |

| | | |
|---|---|---|
| 2002-03 | എൽ.എഫ്.ടി 9-20/09<br><br>തീയതി 26-12-09 | |
| 2003-04 | എൽ.എഫ്.ടി 9-21/09<br><br>തീയതി 26-12-09 | |
| 2004-05 | എൽ.എഫ്.ടി 9-22/09<br><br>തീയതി 26-12-09/15-02-10 | |
| 2005-06 | എൽ.എഫ്.ടി 10-2017/10<br><br>തീയതി 31-05-11 | |
| 2006-07 | എൽ.എഫ്.ടി 10-2018/10<br><br>തീയതി 31-05-11 | |
| 2007-08 | എൽ.എഫ്.ടി 854/11<br><br>തീയതി 29-11-11 | |
| 2008-09 | എൽ.എഫ്.ടി 855/11<br><br>തീയതി 29-11-11/04-02-12 | |
| 2009-10 | എൽ.എഫ്.ടി പി2-690/12<br><br>തീയതി 07-07-12 | |
| 2010-11 | എൽ.എഫ്.ടി പി2-691/12<br><br>തീയതി 07-07-12/04-10-12 | |
| 2011-12 | എൽ.എഫ്.ടി പി26-2103/13<br><br>തീയതി 14-05-14/10-09-14 | |
| 2012-13 | എൽ.എഫ്.ടി പി6-1769/14<br><br>തീയതി 01-01-15/08-07-15 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർക്കാൻ അടിയന്തിരനടപടി സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

-